**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 273** **16-09-2025-ൽ മറുപടിയ്ക്ക്**

**<u>ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എം. മണി

ശ്രീ. എം. എം. മണി

ശ്രീ. എം. വിജിൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീമതി. യു. പ്രതിഭ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ വന്നതിനുശേഷം, പുതുതായി ആരംഭിച്ച ഇടുക്കി, കോന്നി സർക്കാർ മെഡിക്കൽ കോളേജുകളിൽ 100 എം.ബി.ബി.എസ് സീറ്റുകൾ വീതം അഡ്മിഷൻ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ നിലവിൽ 110 വിദ്യാർത്ഥികൾ ഒരു ബാച്ചിൽ എന്ന ക്രമത്തിൽ അഡ്മിഷൻ നൽകി വരുന്നു. കൂടാതെ ഡെർമറ്റോളജി, ഒഫ്ത്താൽമോളജി, ഇ.എൻ.റ്റി വിഭാഗങ്ങളിലായി 2 പി.ജി. സീറ്റുകളിൽ വീതം അഡ്മിഷൻ നൽകി വരുന്നു. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ 100 എം.ബി.ബി.എസ് സീറ്റുകളിലേയ്ക്ക് നടത്തിയിരുന്ന അഡ്മിഷൻ ഇപ്പോൾ 110 എം.ബി.ബി.എസ് സീറ്റുകളിലേയ്ക്ക് നൽകി വരുന്നു. കൂടാതെ പാത്തോളജി, മൈക്രോബയോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഫോറൻസിക് മെഡിസിൻ വിഭാഗങ്ങളിലായി 2 പി.ജി സീറ്റുകളിൽ വീതം അഡ്മിഷൻ നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി, കോന്നി എന്നീ മെഡിക്കൽ കോളേജുകളിൽ എൻ.എം.സി അംഗീകാരം ലഭ്യമാക്കുകയും 100 വീതം എം.ബി.ബി.എസ് സീറ്റുകളിൽ 2022 മുതൽ വിദ്യാർത്ഥി പ്രവേശനം ആരംഭിക്കുവാൻ സാധിച്ചു. കാസർഗോഡ്, വയനാട് ജില്ലകളിൽ മെഡിക്കൽ കോളേജിന് ഈ വർഷം അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഈ സർക്കാരിന്റെ കാലത്ത് ഒരുക്കുകയും എൻ.എം.സി-യുടെയും യൂണിവേഴ്സിറ്റിയുടെയും പരിശോധനകൾ നടത്തുകയും 50 എം.ബി.ബി.എസ് സീറ്റുകൾ വീതം നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്ന് അംഗീകാരം ലഭ്യമാകുകയും 2025-2026 അധ്യയനവർഷം വിദ്യാർത്ഥി പ്രവേശനം സാധ്യമാക്കാനും കഴിഞ്ഞു. സർക്കാർ മേഖലയിൽ മഞ്ചേരി, കൊല്ലം എന്നിവിടങ്ങളിലായി 2022-ൽ 2 പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. 60 സീറ്റുകൾ വീതം 2 കോളേജുകളിലും അധ്യയനം ആരംഭിക്കുവാനും കഴിഞ്ഞിട്ടുണ്ട്. 2023-2024 കാലയളവിൽ പുതിയ നഴ്സിംഗ് കോളേജുകൾ പത്തനംതിട്ട, പാലക്കാട്, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിച്ചു. 2023 അധ്യയന വർഷം തന്നെ ഓരോ ബാച്ചിലും 60 സീറ്റുകൾ വീതം അനുവദിച്ച് പ്രവേശനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുമുണ്ട്. ഇതിനോടൊപ്പം തന്നെ

തിരുവനന്തപുരം നഴ്സിംഗ് കോളേജിന് 100 സീറ്റുള്ള അധിക ബാച്ച് (അനക്സ്) അനുവദിക്കുകയും പ്രവേശനം നൽകാനും കഴിഞ്ഞിട്ടുണ്ട്.

ആരോഗ്യ മേഖലയും മെഡിക്കൽ വിദ്യാഭ്യാസ മേഖലയും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഓരോ സർക്കാർ മെഡിക്കൽ കോളേജ് എന്ന ആശയം യാഥാർത്ഥ്യമാക്കുകയും എല്ലാ ജില്ലകളിലുമായി 14 നഴ്സിംഗ് കോളേജുകളും പ്രവർത്തിച്ചുവരുന്നു.

കണ്ണൂർ ജില്ലയിൽ സഹകരണ മേഖലയിൽ പ്രവർത്തിച്ചിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ നിരവധി കോഴ്സുകൾക്ക് സർക്കാർ തലത്തിലും സ്വകാര്യ സ്വാശ്രയ തലത്തിലും അധിക സീറ്റ് അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ കൂടുതൽ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്ത് മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ പഠനം നടത്തുന്നതിന് സഹായകരമായിട്ടുണ്ട്.

**(ബി)** എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകളും നഴ്സിംഗ് കോളേജുകളും ആരംഭിക്കുക എന്ന ചരിത്ര നേട്ടം കൈവരിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ;

**മറുപടി:** സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് സ്ഥാപിക്കാനാവശ്യമായ കെട്ടിട നിർമ്മാണങ്ങളും, മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിനാവശ്യമായ അധ്യാപക, അനധ്യാപക തസ്തികകളും സൃഷ്ടിക്കുകയുണ്ടായി. ഇത്തരത്തിൽ മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഓരോ മെഡിക്കൽ കോളേജിലും ഒരുക്കിക്കൊണ്ടു വരുന്നു.

കോന്നി മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

140 കോടി രൂപ മുടക്കി 300 കിടക്കകൾ ഉള്ള ആശുപത്രിയും അക്കാദമിക് ബ്ലോക്കും നിർമ്മിച്ചു.

351 കോടി രൂപ മുടക്കി മെഡിക്കൽ കോളേജിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

കാസർഗോഡ് മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

30 കോടി രൂപയോളം മുടക്കി മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്ക് പ്രവർത്തന ക്ഷമമാക്കി, 95 കോടി രൂപയുടെ ആശുപത്രി ബ്ലോക്ക് പണിയുന്നതിന് ഭരണാനുമതി നൽകുകയും അതിന്റെ നിർമ്മാണ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. 36 കോടി രൂപ മുടക്കി മെഡിക്കൽ കോളേജിൽ ഗേൾസ് ഹോസ്റ്റലും, ടീച്ചിംഗ് ക്വാർട്ടേഴ്സും നിർമ്മിച്ചു കൊണ്ടിരിക്കുന്നു. 160 കോടി രൂപയുടെ മെഡിക്കൽ കോളേജ് വികസന പദ്ധതികൾക്ക് കിഫ്ബി മുഖേന ഭരണാനുമതി നൽകി.

ഇടുക്കി മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

1. 75 കോടിയോളം രൂപ മുടക്കി മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

2. 18 കോടിയോളം രൂപ മുടക്കി മെഡിക്കൽ കോളേജിലെ റോഡ് & പ്രൊട്ടക്ഷൻ വർക്ക് നടത്തുന്നു.

വയനാട് മെഡിക്കൽ കോളേജിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ അക്കാദമിക് ബ്ലോക്ക് ഒരുക്കുകയും മെഡിക്കൽ കോളേജിനായി 10 കോടി രൂപ ഫണ്ട് ലഭ്യമാക്കുകയും ടി തുക ഉപയോഗിച്ച് മെഡിക്കൽ കോളേജിൽ MBBS അഡ്മിഷൻ നടത്തുന്നതിനുള്ള നടപടികൾ ചെയ്തു വരികയും ചെയ്യുന്നു.

2. മെഡിക്കൽ കോളേജുകൾക്കാവശ്യമായ അധ്യാപക-അധ്യാപകേതര തസ്തികകൾ സൃഷ്ടിക്കുകയും, NMC അംഗീകാരം ലഭ്യമാക്കുകയും ചെയ്തു.

**(സി)** മെഡിക്കൽ കോളേജുകളുടെയും നഴ്സിംഗ് കോളേജുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പഠന സംവിധാനങ്ങൾ നവീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### 1) സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതനുസരിച്ചുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. അതി നൂതന രോഗ നിർണ്ണയ ഉപകരണങ്ങളായ പെറ്റ് സ്കാൻ, 256 സ്ലൈസ് സിറ്റി സ്കാൻ, സി.റ്റി. സ്കാൻ, എം.ആർ.ഐ., പുതിയ കാത്ത് ലാബുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനും രോഗനിർണ്ണയം കൃത്യവും മികവുറ്റതും ആക്കുന്നതിന് സാധിച്ചിട്ടുണ്ട്. ലോകോത്തര നിലവാരത്തിൽ ട്രയാജ് സംവിധാനത്തോടെ ആശുപത്രിയുടെ കാഷ്വാലിറ്റിയെ മാറ്റാൻ സാധിക്കുകയും അതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനും മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കുന്നതിനും കാരണമായിട്ടുണ്ട്. ശോചനീയാവസ്ഥയിൽ ഉണ്ടായിരുന്ന കെട്ടിടം പൊളിക്കുകയും ഈ സ്ഥലത്ത് പുതിയ ബഹു നില സർജ്ജിക്കൽ ബ്ലോക്ക് പണിയുന്നതിനായി പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പഴയ സൂപ്രണ്ട് ഓഫീസ് കെട്ടിടം പൊളിച്ച് പുതുതായി ക്രിട്ടിക്കൽ കെയർ & ഐസൊലേഷൻ ബ്ലോക്ക് പണിയുന്നതിനായുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം വയോജനങ്ങൾക്കായി പ്രത്യേകം വാർഡോട് കൂടി ജെറിയാട്രിക് വിഭാഗം പ്രവർത്തനമാരംഭിക്കുകയും ചികിത്സ നൽകുകയും ചെയ്യുന്നു. നിലച്ചു പോയിരുന്ന കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ വിജയകരമായി ആരംഭിക്കുന്നതിനും കിഡ്നി ട്രാൻസ് പ്ലാന്റ് സർജ്ജറികളുടെ എണ്ണം കൂട്ടാനും സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം സ്കിൻ ബാങ്ക്, സ്ട്രോക്ക് യൂണിറ്റ്, ബേൺസ് ഐ.സി.യു. എന്നിവയും പ്രവർത്തിച്ച് വരുന്നു.

**2) സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം**

ഡിപ്പാർട്ടമെന്റ് ഓഫ് ബയോ മെഡിക്കൽ എൻജിനീയറിങ് വിങ്ങും സെൻട്രൽ വർക്ഷോപ്പും 2023 ജൂണിൽ കമ്മീഷൻ ചെയ്തു. പി.വി.പി.ഐ.പ്രോഗ്രാമിന് കീഴിലുള്ള എഡി. ആർ മോണിറ്ററിങ് സെന്റർ ഫാർമക്കോളജി വകുപ്പിൽ സ്ഥാപിച്ചു. ഗൈനക്കോളജി വിഭാഗത്തിൽ ലക്ഷ്യ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ഓപ്പറേഷൻ തീയറ്ററുകളുടെ നിർമ്മാണം പൂർത്തിയാക്കി. എം.ആർ.ഐ.സ്കാനർ 1.5 ടെസ്ല ഉപകരണം വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിനായി 15 കോടി രൂപ അനുവദിച്ചു. ഫ്ളൂറോ സ്കോപ്പി സ്കാനിങ് സംവിധാനം ലഭ്യമാക്കി. വയോജന ക്ലിനിക്ക് ആൻഡ് മോഡേൺ പാലിയേറ്റിവ് കെയർ ഡിവിഷൻ എന്നിവ ആരംഭിച്ചു. കാർഡിയോളജി, ന്യൂറോളജി, ന്യൂറോ സർജറി, നെഫ്രോളജി, പ്ലാസ്റ്റിക് സർജറി എന്നീ വിഭാഗങ്ങൾ പ്രവർത്തനം ആരംഭിച്ചു. കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് നിന്നും 2022 വർഷത്തിൽ ആദ്യ എം.ബി.ബി.എസ് ബാച്ച് പുറത്തിറങ്ങുകയും തുടർ വർങ്ങളായ 2023, 2024, 2025 എന്നീ വർഷങ്ങളിൽ തുടർ ബാച്ചിലെ വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുകയും ഹൗസ് സർജൻസി വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. 2022 ൽ മൈക്രോ ബയോളജി, പാത്തോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഫോറൻസിക് മെഡിസിൻ തുടങ്ങിയ വിഭാഗങ്ങളിൽ രണ്ട് പി.ജി.സീറ്റുകൾ വീതം ആരംഭിച്ചു. 2022 ൽ തന്നെ 15 സീറ്റോടുകൂടി ഡി.എം.എൽ.റ്റി.കോഴ്സ് ആരംഭിച്ചു. 2024 വർഷത്തിൽ 9 മെഡിക്കൽ പി.ജി. കോഴ്സുകൾക്ക് (34 സീറ്റ്) എസൻഷ്യലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും കോഴ്സ് ആരംഭിക്കുന്നതിനായുള്ള അനുമതിക്കായി നാഷണൽ മെഡിക്കൽ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**3) സർക്കാർ മെഡിക്കൽ കോളേജ്, കോന്നി**

218 കോടി രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2021 ഡിസംബറിൽ ആരംഭിച്ചു. ഐ.പി സേവനം ഫെബ്രുവരി 2021 മുതലും 24 മണിക്കൂർ കാഷ്വാലിറ്റി സേവനം നവംബർ 2021 ലും ആരംഭിച്ചു. ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് മാർച്ച് 2022 ലും ഓക്സിജൻ പ്ലാന്റ് ഫെബ്രുവരി 2022 ലും പ്രവർത്തനം ആരംഭിച്ചു. അൾട്രാ സൗണ്ട് സ്കാൻ പ്രവർത്തനസജ്ജമായി. 24 മണിക്കൂർ ലാബ് സർവ്വീസ് ആരംഭിച്ചു. ഓപ്പറേഷൻ തിയേറ്റർ പ്രവർത്തനക്ഷമമാക്കുകയും, ഐ.സി.യു ഫെസിലിറ്റി സജ്ജമാകുകയും ചെയ്തു. 5 കോടി രൂപ മുതൽ മുടക്കി 2023 ൽ റേഡിയോഡയഗ്നോസിസ് വിഭാഗത്തിൽ ജില്ലയിൽ സർക്കാർ മേഖലയിലെ ആദ്യത്തെ 128 സ്ലൈഡ് സി റ്റി സ്കാൻ സ്ഥാപിച്ചു. അക്കാഡമിക് ബ്ലോക്കിന്റെ പണി പൂർത്തീകരിച്ചു. Phase-II Construction ന്റെ വർക്ക് ആരംഭിച്ചു. ലോൺട്രി ബ്ലോക്കിന്റെ പണി പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. 10 നിലകളുള്ള 4 സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ പണി ആരംഭിച്ചു. ഡീൻ വില്ല പ്രോജക്ട് പണി പൂർത്തീകരിച്ചു. മെയിൽ & ഫീമെയിൽ ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചു. സി.റ്റി സ്കാൻ, തിമിര ശസ്ത്രക്രിയാ ഉപകണങ്ങൾ, ചുറ്റമതിൽ, സ്ഥാപനത്തിലേക്കുള്ള റോഡ്, മെയിൻ ഗേറ്റ് എന്നിവ പൂർത്തീകരിച്ചു . 6 മോഡുലാർ ഓപ്പറേഷൻ തിയേറ്ററിനുള്ള പണി പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു. ഓർത്തോപീഡിക് സർജറിക്ക് ആവശ്യമായ ഫണ്ട് ലഭ്യമായിട്ടുണ്ട്. LMO Plant - Civil Work Install ചെയ്യുന്നതിന് തുടക്കമായിട്ടുണ്ട്. 2022-23 അദ്ധ്യന വർഷത്തിൽ 100 എം.ബി.ബി.എസ് സീറ്റുകൾ അനുവദിക്കുകയും 300 കുട്ടികൾ നിലവിൽ പഠിക്കുകയും ചെയ്യുന്നു. MBBS വിദ്യാർത്ഥികൾക്കായി MLA ഫണ്ടിൽ നിന്നും 25.5 ലക്ഷം രൂപ ലഭ്യമാക്കി കോളേജ് ബസ് 2023 ൽ അനുവദിച്ചു. കാരുണ്യാ ഫാർമസി, എച്ച്.ഡി.എസ് എന്നിവ ആരംഭിച്ചിട്ടുണ്ട്. 2024 ൽ ബ്ലഡ് ബാങ്ക് പ്രവർത്തനം ആരംഭിച്ചു.

**4) സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ**

~~2014 വർഷം~~ നിർമ്മാണം ആരംഭിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5,91,03,350/- രൂപയുടെ ഭരണാനുമതി ലഭിച്ചു. ~~ട്രോമാകെയർ യൂണിറ്റ് 2014 വർഷം നിർമ്മാണം ആരംഭിച്ചു.~~ അഞ്ച് നിലകളുള്ള ട്രോമാകെയറിന്റെ മൂന്നാം നിലയുടെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13,29,22,000/- രൂപയുടെ ഭരണാനുമതി ലഭിച്ചു. പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കായുള്ള പുതിയ ലക്ചറർ ഹാൾ, കോമൺ റൂം, ടോയ് ലറ്റ് എന്നീ ബ്ലോക്കുകളുടെ നിർമ്മാണം 2017-ൽ ആരംഭിച്ചിട്ടുള്ളതും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. ആധുനിക മരുന്നുസംഭരണശാലയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.. ആയതിന് 10,00,00,000/- രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം 120 കോടിയുടെ കേന്ദ്രവിഹിതവും 53.18 കോടിയുടെ സംസ്ഥാനവിഹിതത്തോടും കൂടി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിച്ചു പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. നബാർഡ് ധനസഹായത്തോടെ 01.11.2018-ൽ അഞ്ച് നിലകളോടുകൂടിയ ഒ & ജി ബ്ലോക്ക് നിർമ്മാണം ആരംഭിച്ചു. ~~നിർമ്മാണചെലവ് 30 കോടി രൂപയിൽ 4.5 കോടി രൂപ സംസ്ഥാനവിഹിതമാണ്.~~ 26.09.2024 -ന് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ട്.

**5) സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം**

കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ നിർമ്മിക്കുന്ന എക്സാമിനേഷൻ ഹാൾ, ലക്ചറർ ഹാൾ,

ഓഡിറ്റോറിയത്തിന്റെ Comprehensive എസ്റ്റിമേറ്റ് തുക 37 കോടി രൂപയാണ്. ഇതിന്റെ ഫേസ്-1 പ്രവർത്തികൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.. (GO(Rt)No. 4228/2021/H&FWD dtd. 16/10/2021) പ്രസ്തുത സൈറ്റിലെ വാസയോഗ്യമല്ലാത്ത ~~മെൻസ്~~ ഹോസ്റ്റൽ കെട്ടിടം പൊളിച്ച് നീക്കി മരങ്ങളും മുറിച്ച് മാറ്റി സൈറ്റ് നിർമ്മാണത്തിനായി സജ്ജമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കേണ്ടതിനു വേണ്ട നിർദ്ദേശങ്ങൾ PWD ക്ക് നൽകിയിട്ടുണ്ട്.

നബാർഡ് സാമ്പത്തിക സഹായം അനുവദിച്ച 10.71 കോടി രൂപ മുതൽ മുടക്കിൽ (GO(Rt)No. 382/2022/H&FWD dtd. 16/10/2021) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെഷ്യസ് ഡിസീസ് നിർമ്മാണത്തിന്റെ ഭാഗമായി പ്രസ്തുത സൈറ്റിലെ വാസയോഗ്യമല്ലാത്ത ക്വാർട്ടേഴ്സ് കെട്ടിടം പൊളിച്ച് മാറ്റുകയും പ്രസ്തുത സൈറ്റിലെ മരങ്ങളും മുറിച്ച് നീക്കുകയും ചെയ്തു. ഫിസിക്കൽ പുരോഗതി 40 ശതമാനവും സാമ്പത്തിക പുരോഗതി 30 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

സ.ഉ(സാധാ)നം. 2752/2018/ആ.കു.വ, തീയതി, 06/09/2018 പ്രകാരം മോഡണൈസേഷൻ ഓഫ് ഗവ. മെഡിക്കൽ കോളേജ് കോട്ടയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് കെട്ടിടത്തിന് 276.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സമയബന്ധിതമായി പണി തീർത്ത് turn key ബേസിൽ ചെയ്ത് തരുവാൻ എസ് പി.വി (സ്പെഷ്യൽ പർപ്പസ്സ് വെഹിക്കിൾ) ആയ ഹൈറ്റ്സിനെയാണ് ഇത് ഏൽപ്പിച്ചിരിക്കുന്നത്. 2023 മെയ് 31 ന് ബഹു. മുഖ്യമന്ത്രി ടി കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. 9 നിലകളിലായി 30,000,00 Sq ft ൽ 31 കിടക്കകൾ, 11 ഓപ്പറേഷൻ തീയറ്ററുകൾ 60 ഐ സി യു കിടക്കകൾ അത്യാധുനിക ലാബ് സംവിധാനങ്ങൾ മുതലായവ ഇതിന്റെ ഭാഗമാണ്. നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു. ഫിസിക്കൽ പുരോഗതി 20 ശതമാനം, സാമ്പത്തിക പുരോഗതി 16 ശതമാനം പൂർത്തീകരിച്ചു.

സ.ഉ(സാധാ)നം. 1633/2022/ആ.കു.വ, തീയതി: 05/07/2022 പ്രകാരം കോട്ടയം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഓഫ്താൽമോളജി വിഭാഗത്തിൽ 1,78,20,000/- രൂപയുടെ ~~RSBY~~ ഫണ്ട് ഉപയോഗിച്ച് ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന മോഡുലാർ ഓപ്പറേഷൻ തീയറ്റർ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. ഇതിന്റെ നിർമ്മാണം പൂർത്തിയാക്കുകയും 2023 മെയ് 21-ാം തീയതി ബഹു. മുഖ്യമന്ത്രി പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു.

സ.ഉ(സാധാ)നം. 1621/2021/ആ.കു.വ, തീയതി: 30/07/2021 പ്രകാരം ഇംപ്ലിമെന്റേഷൻ ഓഫ് ദി പ്ലാൻ സ്കീം മെഡിക്കൽ കോളേജ്, കോട്ടയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2021-23 സാമ്പത്തിക വർഷം മൈനർ വർക്കിന്റെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് 1,83,71,000/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയതിന്റെ നിർമ്മാണ പ്രവർത്തികൾ PWD,KWA,KSEB മുഖേന പൂർത്തീകരിച്ചു.

സ.ഉ(സാധാ)നം. 1617/2021/ആ.കു.വ, തീയതി: 10/8/2021 പ്രകാരം Ensuring Disabled and Elderly Friendly Environment in all Medical Colleges എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം മെഡിക്കൽ കോളേജിൽ 2021-22 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവർത്തികൾക്ക് 90,00,000/- രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു.

സ.ഉ(സാധാ)നം. 2829/2021/ആ.കു.വ, തീയതി: 16/12/2021 പ്രകാം Revamping of Existing infrastructure and maintenance of High End Equipment in Medical Colleges എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം വിവിധ മരാമത്ത് പ്രവർത്തികൾക്ക് 1,73,88,300/- രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു.

സ.ഉ(സാധാ)നം. 1991/202/ആ.കു.വ, തീയതി: 12/08/2022 പ്രകാരം ഇംപ്ലിമെന്റേഷൻ ഓഫ് ദി പ്ലാൻ സ്കീം മെഡിക്കൽ കോളേജ് കോട്ടയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം മൈനർ വർക്കിൽ വിവിധ മരാമത്ത് പ്രവർത്തികൾക്ക് 1,89,08,000/- രൂപയുടെ ഭരണാനുമതി ലഭിച്ചു.

സ.ഉ(സാധാ)നം. 2770/2022/ആ.കു.വ, തീയതി: 19/11/2022 പ്രകാരം Revamping of Existing infrastructure and maintenance of High End Equipment in Medical Colleges എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ 2022-23 സാമ്പത്തിക വർഷം മൈനർ വർക്ക് ഹെഡിൽ വിവിധ വിവിധ മരാമത്ത് പ്രവർത്തികൾക്ക് 1 കോടി രൂപയുടേയും മെയിന്റനൻസ് ഹെഡിൽ 1,24,67,700/- യുടെയും ഭരണാനുമതി ലഭിച്ചു.

സ.ഉ(സാധാ)നം. 2261/2022/ആ.കു.വ, തീയതി: 19/09/2022 പ്രകാരം Ensuring Disabled and Elderly Friendly Environment in all Medical Colleges എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി2022-23 സാമ്പത്തിക വർഷം കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ Toilet Complex നിർമ്മാണത്തിന് 25 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു.

സ.ഉ(സാധാ)നം. 760/2023/ആ.കു.വ, തീയതി: 30/03/2023 പ്രകാരം കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ 2022-23 സാമ്പത്തിക വർഷം അസറ്റ് മെയിന്റനെൻസ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ മെയിൻറനൻസ് പ്രവർത്തികൾക്ക് 2,56,60,000/- രൂപയുടെ ഭരണാനുമതി ലഭിച്ചു.

12.സ.ഉ(സാധാ)നം. 1913/2023/ആ.കു.വ, തീയതി: 01/08/2023 പ്രകാരം ഇംപ്ലിമെന്റേഷൻ ഓഫ് ദി പ്ലാൻ സ്കീം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം മൈനർ വർക്സിൽ വിവിധ മരാമത്ത് പ്രവർത്തികൾക്ക് 1,84,00,000/- രൂപയുടെ ഭരണാനുമതി ലഭിച്ചു.

സ.ഉ(സാധാ)നം. 2329/2023/ആ.കു.വ, തീയതി: 13/09/2023 പ്രകാരം (Creation of Patient Friendly Hospital Environment (DME) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം കോട്ടയം ഗവ. മെഡിക്കൽ കോളേജിലെ ഗൈനക്കോളജി ബ്ലോക്കിൽ Patient Waiting area യുടെ ഭരണാനുമതി ലഭിച്ചു.

സ.ഉ(സാധാ)നം. 801/2024/ആ.കു.വ, തീയതി: 15/03/2024 പ്രകാരം കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ 2023-24 സാമ്പത്തിക വർഷം അസറ്റ് മെയിന്റനെൻസ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ മെയിന്റനെൻസ് പ്രവർത്തികൾക്ക് 1,59,25,600/- രൂപയുടെ ഭരണാനുമതി ലഭിച്ചു.

സ.ഉ(സാധാ)നം. 512/2025/ആ.കു.വ, തീയതി: 22/02/2025 പ്രകാരം കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ 2023-24 സാമ്പത്തിക വർഷം അസറ്റ് മെയിന്റനെൻസ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ മെയിന്റനെൻസ് പ്രവർത്തികൾക്ക് 60,23,000/- രൂപയുടെ ഭരണാനുമതി ലഭിച്ചു.

ഈ സർക്കാർ വന്നതിനുശേഷം (2021-2025) കോട്ടയം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് വാങ്ങിയ മേജർ ഉപകരണങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| GOVT. MEDICAL COLLEGE KOTTAYAM | | | |
|---|---|---|---|
| List of Major Equipments purchased 2021 to 2025 | | | |
| Sl No. | Item Name | Qty | Value |
| 1 | PAEDIATRIC FIBRE OPTIC VIDEO BRONCHOSCOPE (LP) NULL | 1 | 1008896.00 |
| 2 | HPLCANALYSER (LP) TYPE B, HbA1c ANALYSER | 1 | 1026375.00 |
| 3 | ICU COT MODEL. C USI | 8 | 11,640,00 |
| 4 | ANESTHESIA WORK STATION (LP)WIHSEVOFLURANE, AND ISOFLURANE VAPORIZER | 1 | 1186225.41 |
| 5 | FIXED COSTAL RETRACTOR SYSTEM (LP), WITH ACESSORIES | 2 | 11,96,000,00 |
| 6 | ULTRA SOUND MACHINE WITH COLOUR DOPPLER (LP), 3D WITH ACESSORIES | 1 | 1412800,00 |
| 7 | OT LIGHT LED DUAL, DOME WITHOUT CAMERA | 4 | 14,62,946,45 |
| 8 | SYRINGE PUMP (LP), NULL | 65 | 1528800,00 |
| 9 | INTRA OPERATIVE NERVE MONITOR (LP),N NIM NERO 3.0 | 1 | 15,99,999,52 |
| 10 | ELECTRO SRUGICAL UNIT WITH IRRIGATION SYSTEM (LP), WITH ACESSORIES | , | 16,14,480,00 |
| 11 | PRESSURE INJECTOR FOR DSA | 1 | 1736042,56 |
| 12 | PLATELET AGGREGOMETER (LP), WITH ACESSORIES | 1 | 1767,150,00 |
| 13 | VIDEO GASTROSCOPE & COLONOSCOPE (LP), MODEL A (WITH ACESSORIES) | 1 | 17,73,604,04 |
| 14 | MULTIPARAMETER MONITOR WITH CAPNOGRAM, 1 | 4 | 19,99,600,02 |
| 15 | FLEXIBLE VIDEO TRANS NASAL ESAPHAGOSCOPE (LP), WITH ACESSORIES | 1 | 21,56,000,00 |
| 16 | LARYNGOSCOPE VIDEO INTUBATING (LP) WITHMACINTOSH BLADE | 1 | 22,02,354,00 |
| 17 | VENTILATOR ICU (LP), WITH ACESSORIES | 3 | 25,17,809,28 |

| | | | |
|---|---|---|---|
| 18 | ANESTHESIA WORK STATION (LP) WITH SEVOFLURANE, AND ISOFLURANE VAPORIZER | 1 | 2754800,33 |
| 19 | ADVANCED FULL HD 3 CHIP ARTHOSCOPIC UNIT, WITH ACESSORIES | 1 | 3217663,00 |
| 20 | ROTATING ATHERECTOMY SYSTEM (LP)ROTABLATOR | 1 | 3270283,97 |
| 21 | REFRIGERATED CENTRIFUGE (LP) NULL | 1 | 3658354,00 |
| 22 | ADVANCED PHACOEMULSIFICATION SYSTEM (LP) WITH ACESSORIES | 1 | 42,42,460,70 |
| 23 | INTRAVASCULAR ULTRASOUND MACHINE WITH FFR, NULL | 1 | 5200000,00 |
| 24 | ACESSORIES FOR MRI SCANNER, NULL | 1 | 63,00,000,00 |
| 25 | ACCESSORIES FOR MRI SCANNER, NULL | 1 | 63,00,000,00 |
| 26 | ANAESTHESIA WORK STATION (LP) WITH SEVOFLURANCE, AND ISOFLURANE VAPORIZER | 3 | 82,64,400,00 |
| 27 | ULTRASOUND COLOUR DOPPLER PORTABLE (LP), TYPED D | 1 | 10,44,288,00 |
| 28 | FIXED COSTAL RETRACTOR SYSTEM (LP), WITH ACCESSORIES | 1 | 11,85,99,36 |
| 29 | FIXED COSTAL RETRACTOR SYSTEM (LP), WITH ACCESSORIES | 2 | 1186000 |
| 30 | OPRTATION TABLE ELECTRIC (LP), ALL | 4 | 12,99,991,84 |
| 31 | WALK IN COLD ROOM WITH 2 COMPARTMENTS, NULL | 1 | 13,50000 |
| 32 | MULTIPARAMETER MONITOR WITH CAPNOGRAM AND IPM, NULL (LP) | 5 | 14,82,824,00 |
| 33 | SINGLE CHIP INTEGRATE IMAGING SYSTEM 1 | 1 | 1624716 |
| 34 | ULTRASONIC CUTTING AND COAGULATION WITH, RADIO GREQUENCY VESSEL SEALING | 1 | 18,81,485,00 |
| 35 | HEMODIALYSIS MACHINE, SURDIAL 55 PLUS FLUSHING UNIT | 4 | 2329600 |
| 36 | PORTABLE ECHOCARDIOGRAPHY (ULTRASOUND SYSTEM) MODEL C | 1 | 24,82,928,00 |
| 37 | ECHOCARDIOGRAPHY PORTABLE (LP), ALL | 1 | 24,82,928,00 |
| 38 | HD LAPROSCOPIC SET WITH INSTRUMENT - 1 | 1 | 28,43,021,00 |
| 39 | VIDEO GASTRO-COLON WITH PROCESSOR (LP), PAEDIATRIC | 1 | 31,44,534,40 |
| 40 | CARM MOBILE IMAGE INTTENSIFIER SYSTEM (MODEL A) NULL | 1 | 34,76709,60 |
| 41 | LIVE 4D ECHO CARDIOGRAPHY SYSTEM, 1 | 1 | 62,99,00,00 |
| 42 | ULTRASOUND COLOUR DOPPLER PORTABLEM TYPE C | 1 | 10,24,800 |
| 43 | OT TABLE ELECTRO, HYDRAULIC | 1 | 1147786 |
| 44 | PATIENT MONITOR, EPM 15 | 4 | 11,86,859,20 |
| 45 | SYSRINGE PUMP (LP), NULL | 60 | 12,26,400,00 |
| 46 | EEG HEADSET | 1 | 12,49,999,97 |
| 47 | ICU COT MODEL C, ALL TYPES | 10 | 1272040 |
| 48 | FIBLER OPTIC BRONCHOSCOPE, NULL | 1 | 1447800 |
| 49 | SHOULDER ARTHROSCOPIC DEVICE | 1 | 14,89,999,95 |

| | | | |
|---|---|---|---|
| 50 | GREEN LASER CONSOLEM LI MODEL B | 1 | 1596000 |
| 51 | MULTIPARAMETER MONITOR WITH CARNOGRAM AND IPM, NULL (LP) | 6 | 17,79,388,80 |
| 52 | ANAESTHESIA MACHINE (LP), WATOEX35 | 1 | 24,19,984,00 |
| 53 | VENTILATORICU (LP), WITH ACESSORIES | 3 | 24,39,360,00 |
| 54 | CAMERA CART, STEALTH S8 | 1 | 3454561 |
| 55 | VASCULAR FLUROSCENE, NULL | 1 | 52,62,800,00 |
| 56 | OPERATING MICROSCOPE NEUROSURGERY, POVIDO/LEICA MICROSYSTEM | 1 | 72,52,000,00 |
| 57 | MAIN CART STEALTH, S8 PLUS | 1 | 92,72,746 |
| 58 | EB-530S,1 | 1 | 1120000 |
| 59 | SELF RETAINING RETRACTOR ARM, 1 | 1 | 11,80,000,00 |
| 60 | VENTILATOR | 1 | 11,99,443,52 |
| 61 | HEMODIALYSIS MACHINEM SURDIAL55 PLUS FLUSHING UNIT | 2 | 1302000 |
| 62 | ULTRASONIC CUTTING AND COAGULATION WITH, RADIO FREQUENCY VESSEL SEALING | 1 | 113,69,460,96 |
| 63 | FEHLING RETRACTING BLADE PAIR,1 50*35mm | 1 | 14,35,095,20 |
| 64 | EMG MACHINE, 3 CHANNEL | 1 | 14,56000 |
| 65 | UPPER GI ENDOSCOPE, 1 | 1 | 1543327 |
| 66 | HIGH END OPERATING TABLE, LOW HEIGHT RADIOLUCENT | 1 | 18,29,000,00 |
| 67 | HIGH END OPERATING TABLE, LOW HEIGHT RADIOLUCENT | 1 | 18,29,000,00 |
| 68 | BRONCHOSCOPE CRYOSURGERY UNIT ERBECRYO 2 | 1 | 1936480 |
| 69 | NEONATAL VENTILATOR, NULL | 1 | 1947765 |
| 70 | LOWER GI SCOPE, COLONOSCOPE | 1 | 1956684 |
| 71 | ANALOG MAMMOGRAPHY 1 | 1 | 2114000 |
| 72 | GASTROSCOPE EUAL CHANNEL, EI-740D/S FG417A | 1 | 2300005 |
| 73 | LED PROCESSOR WITH LIGHT SOURCE EP-6000 | 1 | 2563161 |
| 74 | CARM MOBILE IMAGE INTENSIFIER SYSTEM (MODEL A), NULL | 1 | 26,99,999,68 |
| 75 | CARM MOBILE IMAGE INTENSIFIER SYSTEM (MODEL A), NULL | 1 | 270000 |
| 76 | LITHOCLAST PNEUMATIC ULTRASOUND WITH SUCTION | 1 | 3048221 |
| 77 | ULTRAS ORIC, STANDARD | | |
| 78 | ENDO BRONCHIAL ULTRASOUND MACHINE EB-530US | 1 | 3455191 |
| 79 | VENTILATOR | 4 | 42,95,999,99 |
| 80 | LOW TEMP PLASMA STERILIZER, 100LTR STERRAD | 1 | 5109400 |
| 81 | ANAESTHESIA MACHINE (LP), WATO EX35 | 1 | 10,48,320,00 |
| 82 | AB SCAN MACHINE, 1 | 1 | 1053360 |
| 83 | ULTRASOUND MACHINE WITH COLOR DOPPLER PORTABLEM (LP) ACCESSORIES | 1 | 11,17,760,00 |
| 84 | VENTILATOR | 1 | 11,99,442,96 |
| 85 | TRANSPORT VENTILATOR, 1 | 1 | 1366400 |
| 86 | ULTRASONIC CUTTING AND COAGULATION WITH, | 1 | 13,69,460,96 |

| | | | |
|---|---|---|---|
| | RADIO FREQUENCY VESSEL SEALING | | |
| 87 | EMG MACHINE, 3 CHANNEL | 1 | 14,56,000,00 |
| 88 | PATIENT MONITOR, B155M/B105M | 1 | 1467,080 |
| 89 | HIGH RESOLUTION & SPATIOTEMPORAL ANALYSIS, FOR MANMETRY SYSTEM | 1 | 14,89,600,00 |
| 90 | 4K CAMERA HEAD, 1 | 1 | 18,10,637,14 |
| 91 | 4KVIDEO PROCESSOR, 1 | 1 | 18,34,780,64 |
| 92 | HEMODIALYSIS MACHINEM SURDIAL55 PLUS FLUSHING UNIT | 3 | 1953000 |
| 93 | ANAESTHESIA SYSTEM, EX 65 | 1 | 24,19,984,00 |
| 94 | ANAESTHESIA SYSTEM EX 65 | 1 | 2419984 |
| 95 | ADVANCED FLOURESCENT MICROSCOPE ,1 | 1 | 2498001 |
| 96 | CRYOSTAT MODEL b,1 | 1 | 27,14000 |
| 97 | LITHOCLAST PNEUMATIC ULTRASOUND WITH SUCTION | 1 | 3400000 |
| 98 | ULTRASONIC ASPIRATOR WITH UNIVERSAL HANDPIECE, MODEL B | 1 | 3584000 |
| 99 | ANAESTHESIA WORKSTATION MODEL C | 1 | 5036440 |
| 100 | VENTILATOR | 6 | 71,42,661,12 |
| | TOTAL | | 113113788,12 |

**6. സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി**

ഇടുക്കി മെഡിക്കൽ കോളേജിൽ 100 എം.ബി.ബി.എസ്. സീറ്റുകൾ അനുവദിച്ച് കുട്ടികൾക്ക് പ്രവേശനം നൽകി പുതിയ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ എന്നിവ പണി പൂർത്തിയാക്കി കുട്ടികളെ പ്രവേശിപ്പിച്ചു. ലാബുകൾ പ്രവർത്തന സജ്ജമാക്കി. മോഡ്യുലാർ ഓപ്പറേഷൻ തീയറ്റർ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കാത്ത് ലാബ് നിർമ്മാണത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിൽ ഒരു നഴ്സിംഗ് കോളേജ് സ്ഥാപിച്ച് ആകെ 180 ബി.എസ്.സി നഴ്സിംഗ് കുട്ടികൾ പഠിക്കുന്നു.

7. **സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം**

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ബി.എസ്.സി. ഡയാലിസിസ് ടെക്നോളജി കോഴ്സ് ആരംഭിച്ചു. ഈ സ്ഥാപനത്തിൽ 09 സ്പെഷ്യാലിറ്റികളിലായി 14 മെഡിക്കൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ / KUHS അനുമതിലഭിച്ചു. NMC-യുടെ അനുമതിക്ക് വിധേയമായി 2025-2026 അദ്ധ്യയന വർഷം മുതൽ പ്രവേശനം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2025 മുതൽ ആരോഗ്യ സർവ്വകലാശാലയുടെ റിസേർച്ച് സെന്ററായി കോളേജിനെ അംഗീകരിച്ചിട്ടുണ്ട്. അതുകൂടാതെ വിവിധ സ്പെഷ്യാലിറ്റികളിലായി 94 മെഡിക്കൽ പി.ജി. കോഴ്സുകളും നാല് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും ആരംഭിക്കുന്നതിന് DME / സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്.
ഈ സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യങ്ങളും പഠന സൗകര്യങ്ങളും നവീകരിക്കുന്നതിന്റെ ഭാഗമായും നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു. ആശുപത്രിയുടെ പ്രധാന വാർഡുകളെയും ഓപ്പറേഷൻ തീയറ്ററിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന റാമ്പ് നിർമ്മാണം പൂർത്തീകരിച്ചു. ഓരോ ബ്ലോക്കിന്റേയും ഫ്രണ്ട്സൈഡിൽ നിന്നും ആരംഭിച്ച് 5 നിലകളിലൂടെ കടന്ന് ഗ്രൗണ്ട് ഫ്ലോർ വരെ ബന്ധിപ്പിച്ചിരിക്കുന്നു. പ്രധാനപ്പെട്ട ഈ ബ്ലോക്കുമായി ബന്ധപ്പെടുന്ന രോഗികൾക്ക് സ്റ്റെപ്പ് കയറുന്നതിലുള്ള പ്രശ്നങ്ങളോ, ലിഫ്റ്റ് തകരാറോ സംഭവിക്കുന്ന സാഹചര്യത്തിലോ രോഗികളെ വലക്കാത്ത തരത്തിലാണ് ഈ റാമ്പ് നിർമ്മാണം നടത്തിയിരിക്കുന്നത്. ഇതുവഴി രോഗികളെ വാർഡിൽ നിന്നും ICU വിലേക്കും, ഓപ്പറേഷൻ തീയേറ്ററിലേക്കും പെട്ടെന്ന് മാറ്റുവാൻ കഴിയും. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 4 കോടി രൂപ അനുവദിച്ചാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. RCC സ്ട്രക്ച്ചറിൽ ആണ് റാമ്പിന്റെ പണികൾ പൂർത്തീകരിച്ചിരിക്കുന്നത്. തറയിലും ഭിത്തിയിലുമായി ടൈലുകൾ പതിപ്പിച്ചിട്ടുണ്ട്. ഈ ഏരിയയിലേക്ക് വേണ്ട വൈദ്യുതി സംവിധാനവും

ഏർപ്പെടുത്തിയിട്ടുണ്ട്. ഗുരുതരമായി പൊള്ളൽ ഏൽക്കുന്ന രോഗികൾക്ക് എല്ലാ സംവിധാനങ്ങളോട് കൂടിയ ചികിത്സാ ഇവിടെ ലഭ്യമാണ്. ഈ യൂണിറ്റ് നവീകരണപ്രവർത്തങ്ങൾ അടിയന്തിരമായി നടത്തപ്പെടേണ്ടതുണ്ടായിരുന്നു. നല്ലരീതിയിൽ അണുവിമുക്തമായി ക്രമീകരിക്കേണ്ട ഈ യൂണിറ്റിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഭിത്തിയിലെ പഴയ ടൈൽസ് മാറ്റി സ്ഥാപിക്കുകയും, ടോയ് ലറ്റ് പ്ലംബിങ് വർക്കുകൾ പുനഃസ്ഥാപിക്കുകയും, ലൈറ്റുകൾ, ഡോറുകൾ മാറ്റിപുതിയതാക്കുകയും, ഭിത്തിയിൽ പെയിന്റ് അടിക്കുകയും ചെയ്തു. കുടുംബക്ഷേമ ഡിപ്പാർട്മെന്റിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 35 ലക്ഷം രൂപ ചിലവിട്ടുകൊണ്ട് PWD യാണ് വർക്കുകൾ ചെയ്തിട്ടുള്ളത്.

ഇരുപത്തിനാല്ല മണിക്കൂർ പ്രവർത്തന സജ്ജമായിട്ടുള്ളതുമായ വിഭാഗമാണ് പ്രിവൻറ്റീവ് ക്ലിനിക് മൃഗങ്ങളിൽ നിന്നും മുറിവ് ഏൽക്കുന്നവർക്ക് എത്രയുംപെട്ടന്ന് ചികിത്സ ലഭ്യമാക്കുന്നു എന്നതാണ് ഈ ക്ലിനിക്കിന്റെ സവിശേഷത. ജില്ലയുടെ നാനാഭാഗത്തുമുള്ള ആളുകൾ ഇതിനായി ഈ ക്ലിനിക്കിൽ എത്തിച്ചേരുന്നു. തുടക്കത്തിൽ ഈ വിഭാഗം അത്യാഹിത വിഭാഗത്തെ കേന്ദ്രീകരിച്ച് നടത്തിയിരുന്നു എന്നാൽ രോഗികളുടെ തിരക്ക് ഗണ്യമായി വർധിച്ചതിനാൽ പ്രിവൻറ്റീവ് ക്ലിനിക് പ്രത്യേകമായി സജ്ജീകരിക്കാൻ തീരുമാനിച്ചു. പ്രിവൻറ്റീവ് ക്ലിനിക് നിർമാണത്തിന്റെ ഭാഗമായി റൂമുകൾ തിരിക്കുകയും, ഭിത്തി, തറ എന്നിവിടങ്ങളിൽ ടൈൽസ് നിരത്തുകയും, കൗണ്ടർ ടോപ് സ്ലാബ് നിർമ്മാണം നടത്തുകയും ചെയ്തു. കൂടാതെ ക്ലിനിക്കിനു മുൻവശത്തായി ഷീറ്റ്മേഞ്ഞു, കാബോർഡുകളും ടോയലറ്റ് വർക്കുകളും പെയിന്റടിക്കുകയും ചെയ്തു. രാവിലെ 9 മുതൽ നാലുവരെ പ്രിവൻറ്റീവ് ക്ലിനിക്കിലും 4 മണി മുതൽ അത്യാഹിത വിഭാഗം കേന്ദ്രീകരിച്ചും ചികിത്സ നടത്തുന്നു. ആരോഗ്യ കുടുംബക്ഷേമ വിഭാഗത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും പതിനഞ്ച് ലക്ഷം രൂപ ചിലവാക്കി പി.ഡബ്ലിയു.ഡി-യാണ് പണി പൂർത്തീകരിച്ചത്.

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ജീവനക്കാരുടെ കുട്ടികളെ പരിപാലിക്കുന്നതിനു വേണ്ടി ക്രഷ് ആരംഭിക്കുന്നു. ഏറ്റവും മികച്ച രീതിയിൽ കുട്ടികളെ ആകർഷിക്കുന്ന തരത്തിലാണ് ക്രഷ് റൂം ഒരുക്കിയിരിക്കുന്നത്. റൂമിന്റെ അകത്തും പുറത്തുമായി 3 ഡിപെയിന്റ് നൽകികൊണ്ട് മനോഹരമാക്കിയിരിക്കുന്നു. കൂടാതെ പ്രത്യേക ഫീഡിങ് റൂം സൗകര്യവും, ബാത്റൂം സൗകര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. റൂമിന്റെ മുൻ വശത്തായി മേൽക്കൂരയോട് കൂടിയ വിശാലമായ മുറ്റവും, ഗേറ്റും പണി കഴിപ്പിച്ചിട്ടുണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും പതിനഞ്ച് ലക്ഷം രൂപ ചിലവിട്ടാണ് ക്രഷിന്റെ പണിപൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. മെഡിക്കൽ കോളേജ് ജീ വനക്കാരുടെ ക്ഷേമത്തിനും അവരുടെ കുട്ടികളുടെ പരിപാലനത്തിനും ഏറെ പ്രയോജനപ്രദമായ ഈ പദ്ധതി ജീവനക്കാരുടെ ജോലിയിലെ കാര്യക്ഷമത വർധിപ്പിക്കാൻ സഹായകരമാകുന്നു.

ദിവസേന നൂറ് കണക്കിന് രോഗികൾ എത്തുന്ന മെഡിക്കൽ കോളേജിലെ പ്രധാനപ്പെട്ട വിഭാഗമായ സ്ത്രീരോഗ വിഭാഗത്തിൽ എത്തുന്ന രോഗികൾക്കും അവരുടെ കൂട്ടിനു വരുന്നവർക്കുമായി വെയ്റ്റിംഗ് ഏരിയ പണികഴിപ്പിച്ചു. സ്ത്രീരോഗ വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് പരിശോധനകൾക്കായി സമയം വേണ്ടിവരുന്ന സാഹചര്യത്തിൽ കൂട്ടിനു വരുന്നവർക്ക് പ്രത്യേകിച്ച് വെയ്റ്റിംഗ് ഏരിയ സംവിധാനം ഉണ്ടായിരുന്നില്ല അതുകൊണ്ട് തന്നെ സ്ത്രീരോഗ വിഭാഗത്തിനോട് ചേർന്ന റാമ്പ് അവസാനിക്കുന്ന ഏരിയ വെയ്റ്റിങ് ഏരിയ ആയി നവീകരിച്ചിരിക്കുന്നത്. ഇതിന്റെ നിർമാണ പ്രവർത്തനത്തിനായി ഭിത്തിതിരിച്ചും, GI റൂഫിങ് നടത്തുകയും, പെയിന്റ് അടിച്ചും ആവശ്യമായ ഇലക്ട്രിക് സംവിധാനവും, 50 തോളം ആളുകൾക്കും ഇരിപ്പിട സൗകര്യവും ഒരുക്കിയിരിക്കുന്നു. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ ചിലവിട്ടുകൊണ്ട് PWD നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നത്.

തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിൽ ഉള്ള രോഗികൾക്ക് ഉപകാരപ്രദമായ അത്യാധുനിക മൊബൈൽ റേഡിയോഗ്രാഫി യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. അത്യാസന്ന നിലയിൽ കഴിയുന്ന രോഗികൾക്ക് അവരുടെ അടുത്ത് ചെന്നുകൊണ്ട് എക്സറേ എടുക്കുന്നതിനുവേണ്ടിയാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. രോഗികളുടെ അടുത്ത് എത്തി എക്സ്റേ എടുത്ത് അപ്പോൾ തന്നെ റിസൾട്ട് പരിശോധിക്കാൻ കഴിയുന്നു എന്നതാണ് ഈ മെഷീന്റെ പ്രത്യേകത. ഏറ്റവും വ്യക്തത ഉള്ളതും വേഗത്തിൽ റിസൾട്ട് നൽകുന്നതുമാണിത്. മെഡിക്കൽ കോളേജിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 1.8 കോടി രൂപ ചിലവിട്ടാണ് ഈ മെഷീൻ വാങ്ങിയിട്ടുള്ളത്. കെ. എം.എസ്സി.എൽ വഴി M/s carestream health indiaPvt. Ltd എന്ന സ്ഥാപനത്തിൽ നിന്നുമാണ് മെഷീൻ വാങ്ങി സ്ഥാപിച്ചിട്ടുള്ളത്.

മെഡിക്കൽ കോളേജിന്റെ ഏറ്റവും പ്രധാനപ്പെട്ട ബ്ലോക്കുകളിലെ 4 ലിഫ്റ്റുകൾ മാറ്റി പുതിയത് സ്ഥാപിച്ചു. 20 വർഷത്തോളം കാലപ്പഴക്കമുള്ള ലിഫ്റ്റുകൾ മാറ്റി അത്യാധുനിക രീതിയിൽ ക്രമീകരിച്ചിട്ടുള്ള ലിഫ്റ്റുകൾ സഞ്ചാര യോഗ്യമാക്കി. അത്യാഹിത വിഭാഗത്തിൽ നിന്നും തുടങ്ങി പൊള്ളൽ ചികിത്സയിലേക്കുള്ള ഒരു ലിഫ്റ്റും, ബ്ലോക്ക് നാലിൽ നിന്നുമുള്ള ഒരു ലിഫ്റ്റും, ICU വിന്റെ പുറകിലായി സാധനങ്ങൾ എത്തിക്കുന്നതിനുള്ള ഒരു ലിഫ്റ്റും, മൈക്രോ ബയോളജി വിഭാഗത്തിലേക്കുള്ള ഒരു ലിഫ്റ്റുമാണ് മാറ്റി സ്ഥാപിച്ചത്. നവീകരിച്ച ലിഫ്റ്റിൽ ഒരു സമയം ഇരുപത്തിആറു പേരെ വഹിക്കാൻ കഴിയും. ഗ്ലാസ്സ്ഡോർ സംവിധാനം

ലിഫ്റ്റിൽ ഒരുക്കിയിരിക്കുന്നതിനാൽ പുറത്തുള്ള കാഴ്ച്ചകൾ സുതാര്യമാണ്. കൂടാതെ ലിഫ്റ്റിൽ എന്തെങ്കിലും അപകടം ഉണ്ടായാൽ വേഗത്തിൽ തന്നെ ലിഫ്റ്റ് തൊട്ടടുത്ത നിലയിൽ എത്തി ഓട്ടോമാറ്റിക് ആയി ഡോർ ഓപ്പൺ ആകുന്നു. ഇത് ജനങ്ങൾ ലിഫ്റ്റിൽ ഉണ്ടാവുന്ന ഭയവും അപകടവും ഒഴിവാക്കാൻ കഴിയും. പ്ലാൻ ഫണ്ടിൽ നിന്നും 165 ലക്ഷം രൂപ ചിലവാക്കികൊണ്ട് പി.ഡബ്ല്യു.ഡിയാണ് ലിഫ്റ്റിന്റെ വർക്കുകൾ നടത്തിയത്.

മെഷീൻ

നേത്രരോഗ വിഭാഗത്തിൽ താക്കോൽ ദ്വാര ശസ്ത്രക്രിയയിലൂടെ തിമിരം നീക്കം ചെയ്യുന്നതിനുള്ള ഫേക്കോ ഇമ്മേൽസിഫിക്കേഷൻ മെഷീൻ പ്രവർത്തനസജ്ജമാക്കി. ചെറിയ മുറിവിലൂടെ തിമിരം നീക്കം ചെയ്യാൻ ഈ മെഷീൻ കൊണ്ട് സാധ്യമാകും. നൂതനവും തീരെ ചെറിയതുമായ ലെൻസ് ഉപയോഗിച്ച് ശസ്ത്രക്രിയ നടത്തുന്നു എന്നതാണ് ഈ മെഷീന്റെ പ്രത്യേകത. ശസ്ത്രക്രിയക്ക് ശേഷം രോഗിക്ക് ചുരുങ്ങിയ കാലത്തേക്കുള്ള വിശ്രമം മതിയാകുന്നതാണ്. മെഡിക്കൽ കോളേജിന്റെ 2022-23 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും 46 ലക്ഷം രൂപയോളം ചിലവിട്ട് കെ.എം.എസ്.സി. ൽ വഴിയാണ് ഈ മെഷീൻ വാങ്ങിച്ചിട്ടുള്ളത്.

ഓർത്തോ വിഭാഗം ശസ്ത്രക്രിയ യൂണിറ്റിലേക്ക് സി-ആംമെഷീൻ സ്ഥാപിച്ചു. നിലവിൽ ഉണ്ടായിരുന്ന 2 മെഷീനുകൾക്ക് പുറമെയാണ് അത്യാധുനിക രീതിയിലുള്ള പുതിയ മെഷീൻ സ്ഥാപിച്ചിരിക്കുന്നത്. ഓർത്തോ വിഭാഗം ശസ്ത്രക്രിയ സുഗമമാക്കുന്നതിനുവേണ്ടിയും ശസ്ത്രക്രിയസമയത്ത് ശസ്ത്രക്രിയ ചെയ്യുന്ന ശരീര ഭാഗം കൃത്യമായി പോയിന്റ് ചെയ്തുകൊണ്ട് ശസ്ത്രക്രിയ നടത്തുവാനും റേഡിയേഷൻ അളവ് കുറക്കുന്നതിനും ആക്സിഡന്റ് ശസ്ത്രക്രിയകൾ ചെയ്യുമ്പോൾ ശരീരഭാഗം കൂടുതൽ ഓപ്പൺ ചെയ്യാതെ ഇംപ്ലാന്റ് ചെയ്യുന്നതിനും ഈ മെഷീൻ കൊണ്ട് സാധ്യമാകും. ഓർത്തോ വിഭാഗത്തിൽ ഒരു മാസത്തിൽ ഇരുപതോളം മുട്ടമാറ്റിവക്കൽ ശസ്ത്രക്രിയയും, അഞ്ചോളം ഇടുപ്പ് മാറ്റിവക്കൽ ശാസ്ത്രക്രിയയും, നൂറ്റി ഇരുപതോളം ആക്സിഡന്റ് സംബന്ധിച്ചുള്ള ശസ്ത്രക്രിയയുംചെയ്തുവരുന്നു. ഇതുകൂടാതെ നട്ടെല്ല് ശസ്ത്രക്രിയ, താക്കോൽ ദ്വാര ശസ്ത്രക്രിയകളും നടത്തുന്നുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും നാൽപതു ലക്ഷം രൂപ ചിലവിട്ടുകൊണ്ടാണ് സി-ആം മെഷീൻ വാങ്ങിയിട്ടുള്ളത്.

ആശുപത്രി സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജിന്റെ എല്ലാ ഭാഗങ്ങളിലുമായി CCTV ക്യാമറ സൗകര്യം ഏർപ്പെടുത്തി. നിലവിൽ 150 ഓളം ക്യാമറകൾക്ക് പുറമെ 24 പുതിയ ക്യാമറകൾ കൂടി സ്ഥാപിച്ചു. 2022-23 വർഷത്തെ ക്യാപിറ്റൽ ഫണ്ടിൽ നിന്നും 20 ലക്ഷം ചിലവഴിച്ചാണ് CCTV ക്യാമറകൾ സ്ഥാപിച്ചിരിക്കുന്നത്.

മെഡിക്കൽ എഡ്യൂക്കേഷൻ യൂണിറ്റ്&സ്കിൽ ലാബ്

മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഓർഡർ പ്രകാരമുള്ള മോഡേൺ ടീച്ചിങ് ഫെസിലിറ്റിയിൽ സംവിധാനിച്ചിരിക്കുന്ന മെഡിക്കൽ എഡ്യൂക്കേഷൻ യൂണിറ്റ് പണിപൂർത്തീകരിച്ചു. കൂടാതെ MCI റെഗുലേഷൻ പ്രകാരം മെഡിക്കൽ വിദ്യാർത്ഥികൾക്കായി അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ പശ്ചാതലം ഒരുക്കിയിരിക്കുന്ന സ്കിൽ ലാബിന്റെയും പണി പൂർത്തീകരിച്ചു. ഈ ലാബിലേക്കായി ഫർണിച്ചറുകളും, ടീച്ചിങ് എയ്ഡ്, ഡെമോൺസ്ട്രേഷൻ മെറ്റീരിൽസ് എന്നിവയും ഉൾപെടുത്തിയിരിക്കുന്നു. പ്ലാൻ ഫണ്ട്, FIP എന്നിവയിൽ നിന്നും 22 ലക്ഷം രൂപ ചിലവാക്കിയാണ് മെഡിക്കൽ എഡ്യൂക്കേഷൻ യൂണിറ്റ്, സ്കിൽ ലാബ് ഒരുക്കിയിരിക്കുന്നത്.

മെഡിക്കൽ കോളേജിലെ വിവിധ വാർഡുകളിലെ നവീകരണ പ്രവർത്തനങ്ങൾ നടത്തി. ഏറ്റവും പ്രധാനമായി ടോയ്ലെറ്റുകളിലെ ശോചനീയവസ്ഥ പരിഹരിക്കുകയും വാർഡുകളുടെ അകത്തു ടൈൽസ് ഇടുകയും പെയിൻറ് അടിക്കുകയും ചെയ്തു. നഴ്സിംഗ് സ്റ്റേഷനുകളിൽ ഗ്രിൽ വർക്കുകൾ നടത്തുകയും ചെയ്തു. ഈ വിധത്തിൽ മെഡിക്കൽ കോളേജിലെ ഓരോ വാർഡുകളെയും മനോഹരവും വാസയോഗ്യവുമാക്കി തീർത്തു. രോഗികൾക്ക് ആശ്വാസമേകുന്ന മെഡിക്കൽ കോളേജിനെ ഏറ്റവും വൃത്തിയുള്ളതാക്കാൻ ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു.

പുരുഷ വിഭാഗം മെഡിക്കൽ വാർഡിലെ ടോയ്ലെറ്റുകൾ നവീകരിച്ചു. ടോയ് ലറ്റ് പ്ലംമ്പിങ്ങർക്ക് പുനസ്ഥാപിച്ചു. വാർഡിനകത്തു പെയിൻറ് അടിച്ചു വൃത്തിയാക്കി. നഴ്സിംഗ്സ്റ്റേഷനിൽ ഗ്രിൽ വച്ചുതിരിച്ചു. പോസ്റ്റ് സർജറി വാർഡിൽ ടൈലുകൾ പതിപ്പിച്ചു പെയിന്റ് അടിച്ചു. നോൺ പ്ലാൻ ഫണ്ടിൽ നിന്നും 15 ലക്ഷം ചിലവിട്ട് പി.ഡബ്ല്യു.ഡിയാണ് നിർമ്മാണ പ്രവർത്തനം നടത്തിയത്.

ഓർത്തോ വിഭാഗം വാർഡിലെ ബാത്ത്റൂമുകളിലെ പ്ലമ്പിങ് മാറ്റി പുതിയവ ഫിറ്റ് ചെയ്തു. വാട്ടർ പ്രൂഫിങ് ചെയ്തു. ടോയ് ലറ്റ് ടൈലുകൾ മാറ്റി പുതിയവ സ്ഥാപിച്ചു. വാർഡ് ഉടനീളം പെയിൻറ് അടിച്ചു നഴ്സിംഗ് സ്റ്റേഷനിൽ ഗ്രില്ല് വച്ച് തിരിച്ചു. പ്ലാൻ ഫണ്ടിൽ നിന്നും 15 ലക്ഷം ചിലവിട്ടു, പി.ഡബ്ല്യു.ഡി യാണ്

പണികൾ പൂർത്തീകരിച്ചത്.

സ്ത്രീകളുടെ മെഡിസിൻ വാർഡിൽ നവീകരണം നടത്തി. ഈ വാർഡിലെ ടോയ്ലെറ്റുകൾ പുതുക്കി പണിതു. പൈപ്പ് ലീക്കിങ് മാറ്റി. ടോയ് ലെറ്റിൽ വാട്ടർ പ്രൂഫിങ് നൽകി. വാർഡിൽ പെയിന്റ് അടിച്ചു നൽകി. ടോയ് ലെറ്റ് ടൈലുകൾ പുതിയത് വിരിച്ചു. നഴ്സിംഗ് സ്റ്റേഷനിൽ ഗ്രിൽ വച്ചുതിരിച്ചു. പ്ലാൻ ഫണ്ടിൽ നിന്നും 15 ലക്ഷം ചിലവിട്ട് പി.ഡബ്ലിയുഡിയാണ് ഇതിന്റെ നിർമ്മാണം നടത്തിയത്.

സ്ത്രീകൾക്ക് പ്രാധാന്യം നൽകുന്ന മെഡിക്കൽ കോളേജിന്റെ പദ്ധതികളിൽ ഏറ്റവും മികച്ചതാണ് സ്ത്രീ വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം. ദീർഘനേരം ആശുപത്രിയിൽ ചിലവഴിക്കേണ്ടി വരുന്ന സ്ത്രീ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും വിശ്രമിക്കുന്നതിന് മെഡിക്കൽ കോളേജിൻറെ അകത്തു തന്നെ ഒരു കേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ബാത്ത്റൂം, ഫീഡിങ്റൂമും ഉൾപ്പെടുത്തി 15mx5.5m എന്ന വലുപ്പത്തിൽ ഈ വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. പ്ലാൻ ഫണ്ടിൽ നിന്നും 56 ലക്ഷം രൂപ ചിലവിട്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്.

ഫുള്ളി ഓട്ടോമാറ്റിക്ക് ക്ലിനിക്കൽ ബയോകെമിസ്ട്രി അനലൈസർ

ബയോകെമിസ്ട്രി വിഭാഗത്തിൽ അത്യാധുനിക നിലവാരത്തിലുള്ള ഫുള്ളി ഓട്ടോമാറ്റിക്ക് ക്ലിനിക്കൽ കെമിസ്ട്രി അനലൈസർ മെഷീൻ പ്രവർത്തനം ആരംഭിച്ചു. അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന ഈ മെഷീൻ കേരളത്തിൽ സ്ഥാപിക്കുന്ന ആദ്യ സർക്കാർ മെഡിക്കൽ കോളേജാണ് നമ്മുടേത്. ലോകത്തിലെവിടയും അംഗീകരിക്കപ്പെടുന്ന ടെസ്റ്റ് നിലവാരം ഈ മെഷീനുണ്ട്. ഒരു മണിക്കൂറിൽ 1300 ടെസ്റ്റുകൾ ചെയ്യാൻ കഴിയും. ഡ്യൂവൽ സ്ലൈഡ്ടെക്ക്നോളജിയാണ് ഈ നടത്തുന്നത് എല്ലാവിധ ഹോർമോൺ ടെസ്റ്റുകളും 25 മിനിറ്റിനുള്ളിൽ ലഭ്യമാണ്. റൂട്ടീൻ ബയോ – കെമിസ്ട്രി ടെസ്റ്റുകളായഷുഗർ, കൊളെസ്ട്രോൾ, എൽ.എഫ്.ടി, ആർ.എഫ്.ടി എന്നീ ടെസ്റ്റുകൾ അഞ്ച് മിനിട്ടു കൊണ്ട് മാസത്തിലും കൃത്യമായ ഗുണനിലവാരം ചെക്ക്ചെയ്യുന്നതിന് സിഎംസി വെല്ലൂർ ആശുപത്രിയുമായി ചേർന്ന് ടെസ്റ്റുകൾ വിലയിരുത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നു. 1.8 കോടി വിലമതിക്കുന്ന ഈ മെഷീൻ റീഏജന്റ് കരാർ അടിസ്ഥാനത്തിൽ ഇ-ടെൻഡർ വിളിച്ചാണ് സ്ഥാപിച്ചിരിക്കുന്നത്. അമേരിക്കൻ കമ്പനിയായ ഓർത്തോ ക്ലിനിക്കൽ ഡയഗ്ണോസ്റ്റിക്സ് നിർമിച്ചതാണ് ഈ മെഷീൻ. കൂടാതെ ബാക്ക് അപ് സൗകര്യാർത്ഥം ഒരു സപ്പോർട്ടിങ് മെഷീൻ കൂടി പ്രവർത്തിക്കുന്നുണ്ട്. ഈ മെഷീൻ കൊണ്ടുള്ള വരുമാനം ആശുപത്രി വികസന സമിതിക്കു ലഭിക്കുന്നതാണ്. ആയിരക്കണക്കിന് ടെസ്റ്റുകൾ ദൈനംദിനം നടത്തുന്ന നമ്മുടെ ഹോസ്പിറ്റലിൽ അറിയാനാകും. ക്യാൻസർ രോഗികൾക്കുള്ള ടെസ്റ്റുകളും ഈ മെഷീൻ കൊണ്ട് സാധ്യമാകും. അതിവേഗത്തിൽ സാമ്പിളുകൾ നിർണയം നടത്താൻ കഴിവുള്ള ഈ മെഷീൻ ഏറ്റവും മികച്ച റിസൽട്ട് തരുന്നതോടൊപ്പം തന്നെ കണ്ടാമിനേഷൻ ഇല്ലാതാക്കുകയും ചെയ്യുന്നു.

നേത്രരോഗ വിഭാഗത്തിൽ റെറ്റിനൽ ലേസർ മെഷീൻ കൊണ്ടുള്ള നൂതന ചികിത്സ ആരംഭിച്ചു. പ്രമേഹ രോഗികളിൽ കണ്ടുവരുന്ന ഡയബറ്റിക് റെറ്റിനോപതി എന്ന രോഗത്തിനു ഫലപ്രദമായ ചികിത്സ നൽകുന്നതിനും, റെറ്റിനൽ രോഗികൾക്ക് ലേസർ ചികിത്സ നടത്തുവാനും ഈ മെഷീൻ കൊണ്ട് സാധ്യമാണ്. 25 ലക്ഷം രൂപക്ക് മുകളിൽ ചിലവ് വരുന്ന ഈ മെഷീൻ ഹോസ്പിറ്റലിന്റെ തനത് ഫണ്ടിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. റെറ്റിനൽ ലേസർ ചികിത്സ വളരെ ചിലവേറിയ സാഹചര്യത്തിൽ മിതമായ നിരക്കിലാണ് ഈ ചികിത്സഏർപ്പെടുത്തിയിരിക്കുന്നത്.

ഒ.പിയിൽ എത്തുന്ന രോഗികൾക്ക് യാതൊരു താമസവും കൂടാതെ വേഗത്തിൽ ലാബ് പരിശോധനകൾ നടത്തുന്നതിന് വേണ്ടി പുതിയ ബ്ലഡ് കളക്ഷൻ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു. ഒ.പിയിൽ ഡോക്ടറുടെ പരിശോധനക്ക് ശേഷം ലാബ് ടെസ്റ്റുകൾ ചെയ്യാൻ നിർദ്ദേശിക്കുമ്പോൾ വേഗത്തിൽ ടെസ്റ്റ് നടത്തുകയും ഒ.പി കഴിയുന്നതിനു മുൻപ് റിസൾട്ടുമായി ഡോക്ടറെ കാണാൻ രോഗികൾക്ക് കഴിയുന്നതുമാണ്. മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന സെൻട്രൽ ലാബിന് പുറമെയാണ് ഒ.പിയിൽ വരുന്ന രോഗികൾക്ക് മാത്രമായി ഒരുക്കിയിരിക്കുന്ന ഈ രക്ത പരിശോധനക്കുള്ള സാമ്പിൾ എടുക്കുന്ന സൗകര്യം. രോഗികൾ അധിക നേരം ക്യൂവിൽ നിർത്തുന്നത് ഒഴിവാക്കുക എന്നതാണ് ഈ സൗകര്യം കൊണ്ട് ലക്ഷ്യമിടുന്നത്. ഈ റൂം സജ്ജീകരിക്കുന്നതിനുവേണ്ടി ഭിത്തിയിലെയും തറയിലെയും ടൈലുകൾ പുതുക്കി ഇടുകയും, കൂടാതെ റൂം സീലിംഗ് ചെയ്യുകയും റിസപ്ഷൻ, കൗണ്ടർ എന്നിവ അലൂമിനിയം ഷീറ്റുപയോഗിച്ച് തരംതിരിക്കുകയും ചെയ്തു ആശുപത്രി വികസന സമിതിയുടെ ഫണ്ടിൽ നിന്നും 13 ലക്ഷം രൂപ ചിലവാക്കിയാണ് ഈ സജ്ജീകരണം നടത്തിയിരിക്കുന്നത്.

ലേബർ റൂമിനോട് ചേർന്ന് അടിയന്തര ഓപ്പറേഷൻ തീയറ്റർ സജ്ജീകരിച്ചു. അടിയന്തര ഘട്ടങ്ങളിൽ ഗർഭിണികൾക്ക് ഓപ്പറേഷൻ തിയറ്റർ കോംപ്ലെക്സിലേക്ക് എത്തിപ്പെടുന്നതിന്റെ കാലതാമസം ഒഴിവാക്കുന്നതിനാണ് ഈ സൗകര്യം ഏർപ്പെടുത്തിട്ടിരിക്കുന്നത്. ലേബർ റൂമിൽ നിന്നും അടിയന്തരമായി

ഉണ്ടാകുന്ന ശാസ്ത്രക്രിയകൾ അവിടെത്തന്നെ ചെയ്യാവുന്ന തരത്തിലാണ് ഓപ്പറേഷൻ തീയേറ്റർ ഒരുക്കിയിരിക്കുന്നത്. നിലവിൽ ലേബർ റൂമിലെ അടിയന്തര ശാസ്ത്രക്രിയ മറ്റൊരു ബ്ലോക്കിലെ കോമൺ ഓപ്പറേഷൻ തീയേറ്ററിലാണ നടത്തുന്നത്.

മെഡിക്കൽ കോളേജ് തനത് ഫണ്ടുകൾ ഉപയോഗിച്ച് പി.ഡബ്ല്യു.ഡി ആണ് ഓപ്പറേഷൻ തീയറ്റർ നിർമ്മിച്ചത്. അഞ്ച് ലക്ഷം രൂപയാണ് ഇതിന്റെ നിർമാണച്ചെലവ്. തീയറ്ററിലേക്ക് ആവശ്യമായി വരുന്ന അധിക സ്റ്റാഫിനെ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ നിയമിച്ചു. രണ്ട് ഗൈനക്കോളജിസ്റ്റ്, രണ്ട് അനസ്തേഷ്യ ഡോക്ടർമാർ, അഞ്ച് സ്റ്റാഫ് നഴ്സ്, അഞ്ച് അറ്റൻഡർമാർ എന്നിവരെയാണ് നിയോഗിച്ചിട്ടുള്ളത്.

രാവിലെ എട്ട് മുതൽ ഉച്ചകഴിഞ്ഞ് മൂന്നുവരെയാണ് ഈ അടിയന്തര ശസ്ത്രക്രിയ വിഭാഗം പ്രവർത്തിക്കുക. ക്രമേണ ഇത് 24 മണിക്കൂർ ആക്കും ഇതിന്റെ ട്രയൽ റൺ ആണ് ഇപ്പോൾ നടക്കുന്നത്. ഇതിനോടനുബന്ധിച്ച് ആന്റിനേറ്റൽ സ്കാനിംഗും ഓപ്പറേഷൻ ചെയ്തവരെ നിരീക്ഷിക്കാനുമുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ ആദ്യത്തെ ഡിഅഡിക്ഷൻ എറണാകുളം മെഡിക്കൽ കോളേജിൽ ആരംഭിക്കുന്നു. എക്സൈസ് വകുപ്പിന്റെ കീഴിലുള്ള ഡി-അഡിക്ഷൻ പ്രോജക്ട് ആയ വിമുക്തി മിഷൻ പ്രോജക്ട് പ്രകാരമാണ് ഈ പദ്ധതി നടത്തുന്നത്. ലഹരിക്കടിമപ്പെട്ട ചികിത്സതേടാൻ അനേകം ആളുകൾ മെഡിക്കൽ കോളേജിനെ ആശ്രയിച്ച വരുന്നു. എന്നാൽ ഇവരെ പ്രത്യേകം സജ്ജീകരിച്ച ഒരു സംവിധാനത്തിൽ ചികിത്സിക്കുക എന്നത് അത്യാവശ്യമായിരുന്നു. സ്ത്രീകൾക്കും, കുട്ടികൾക്കുമായി പുരുഷൻമാർക്കും, പ്രത്യേകമായി ഒരുക്കിയ വാർഡുകളിൽ ഡയനിങ്റൂം, വിശ്രമമുറി, അറ്റെൻഡേഴ്സ്റൂം, ടോയ് ലറ്റ് എന്നിവയും ഒരുക്കിയിട്ടുണ്ട്. പെയിന്റിംഗ്, പ്ലംമ്പിങ്, ടൈൽസ് വർക്ക്, ഗ്രില്ലുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തു. DME ക്ക് CSR ഫണ്ടിൽ നിന്നും ലഭിച്ച ഡെപ്പോസിറ്റ് ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ മുടക്കി PWD പണി പൂർത്തീകരിച്ചു.

ശാസ്ത്രക്രിയക്ക് ശേഷം രോഗികളെ കിടത്തുന്നതിനു വേണ്ടി ഒരു വാർഡ് സജ്ജീകരിക്കുക എന്നതിന്റെ ഭാഗമായി ആശുപത്രിയിലെ പി വാർഡ് നവീകരണം നടത്തി. ദൈനംദിനം നിരവധി സർജറികൾ നടർത്തി വരുന്ന മെഡിക്കൽ കോളേജിൽ ഏറ്റവും മികച്ച രീതിയിൽ ക്രമീകരിക്കേണ്ട ഈ വാർഡിലേക്ക് വേണ്ടി 93 ലക്ഷം വിനിയോഗിച്ചുകൊണ്ട് ടൈലുകൾ പാകിയും പെയിന്റ് അടിച്ചും, ടോയ് ലറ്റ് ഫിറ്റിംഗ്സ് മാറ്റിയും പുതുക്കിയെടുത്തു. പി.ഡബ്ലിയു.ഡിയാണ് ഈ ജോലികൾ പൂർത്തിയാക്കിയത്. പോർട്ടബിൾ എക്സ്റേ മെഷീൻ, വെന്റിലേറ്റർ, കാർഡിയാക് മോണിറ്റർ, അൾട്രാസൗണ്ട് മെഷീൻ എന്നിവയും വാർഡിലേക്ക് വേണ്ട മറ്റു സാധന സാമഗ്രികളും, M/s എൽ.ജി ഇലക്ട്രോണിക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റെഡിന്റെ സി.എസ്.ആർ ഫണ്ടിൽ നിന്നും ചിലവിട്ടാണ് വാങ്ങിയിട്ടുള്ളത്. എല്ലാവിധ സജ്ജീകരണങ്ങളോട് കൂടി ആരംഭിച്ച ഈ വാർഡ് മെഡിക്കൽ കോളേജിനെ ആശ്രയിക്കുന്ന പാവപ്പെട്ട ജനങ്ങൾക്ക് സർജറിക്ക് ശേഷം കിട്ടേണ്ട മികച്ച കരുതലും ചികിത്സയും ലഭ്യമാകുന്നു.

നോൺ കോൺടാക്ട് ടോണോമീറ്റർ മെഷീൻ നേത്രരോഗ ചികിത്സാ വിഭാഗത്തിലേക്ക് നൂതന സാങ്കേതിക വിദ്യയിലുള്ള നോൺ കോൺടാക്ട് ടോണോമീറ്റർ മെഷീൻ സ്ഥാപിച്ചു. കണ്ണിന്റെ സമ്മർദ്ദം നിർണ്ണയിക്കുന്നതിനാണ് ഈ മെഷീൻ ഉപയോഗിക്കുന്നത്. കൂടുതൽ ആളുകളെ കുറഞ്ഞ സമയത്തിൽ തന്നെ പരിശോധിക്കാൻ ഈ മെഷീൻ സഹായകമാകും. കുട്ടികളെയും പ്രായമായവരെയും, ഇരിക്കാൻ ബുദ്ധിമുട്ടുള്ളവരെയും വേഗത്തിൽ പരിശോധനക്കു വിധേയമാക്കാൻ ഈ മെഷീൻ കൊണ്ട് കഴിയും. ഗ്ലോക്കോമ സ്ക്രീനിംഗ് ചെയ്യുന്നതിനും, നേത്ര പടലത്തിന്റെ കട്ടി അളക്കുന്നതിനും ഈ മെഷീൻ കൊണ്ട് സാധ്യമാണ്. രോഗിയെ തൊടാതെ പരിശോധിക്കുവാൻ കഴിയും എന്നത് ഈ മെഷീന്റെ മറ്റൊരു പ്രത്യേകതയാണ്. എൽ.ജി ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ സി.എസ്. ആർ. ഫണ്ടിൽ നിന്നും 666400/- ലക്ഷം രൂപ ചിലവിട്ടാണ് ഈ മെഷീൻ വാങ്ങിയിട്ടുള്ളത്.

ഡയാലിസിസ്മെഷീൻ

കിഡ്നി രോഗ ചികിത്സ വിഭാഗത്തിൽ മൂന്നു ഡയാലിസിസ് മെഷീനുകൾ കൂടിസ്ഥാപിച്ചു. നിലവിൽ പതിനഞ്ച് ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ചു കൊണ്ട് ആശുപത്രിയുടെ അകത്തും പുറത്തുമുള്ള തൊണ്ണൂറോളം രോഗികൾക്ക് ദിവസവും ഡയാലിസിസ് ചെയ്തു വരുന്നു. പുതിയ മൂന്ന് മെഷീൻ പ്രവർത്തനമാകുമ്പോൾ മൂന്ന് സ്ലോട്ടുകൾ കൂടി അനുവദിക്കാൻ കഴിയുന്നതും, ഇത് വഴി കൂടുതൽ രോഗികൾക്ക് ഡയാലിസിസ് ചെയ്യാവുന്നതുമാണ്. നാല് ഡോക്ടർമാരും പതിനൊന്നു ടെക്നീഷ്യൻസും ഉള്ള ഡയാലിസിസ് വിഭാഗം ഇരുപതിനാലു മണിക്കൂർ പ്രവർത്തനസജ്ജമാണ്. ഇരുപത് ലക്ഷം രൂപയോളം ചെലവ് വരുന്ന മൂന്ന് മെഷീനുകൾ റോട്ടറി ക്ലബ്, ചക്കിയാട്ട് ഏജൻസിസ്, ഹെർബൽ ഐസൊലേറ്റിന്റെയും, പ്ലാന്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെയും സി.എസ്.ആർ ഫണ്ട് ഉപയോഗിച്ചാണ് വാങ്ങിയിട്ടുള്ളത്.

സേവനം

ആശുപത്രിയിലെ സേവനം മെച്ചപ്പെടുത്തുന്നതിന്റ ഭാഗമായി നാല് phlebotomist കളെ നിയമിച്ചു.

ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുന്ന രോഗികൾക്ക് അവരുടെ അടുത്ത് ചെന്ന് ബ്ലഡ് സാമ്പിളുകൾ എടുത്ത് നൽകുന്നു. നേരത്തെ ഈ സേവനം നൽകിയിരുന്ന സ്റ്റാഫ് നഴ്സസ് ആയിരുന്നു. എന്നാൽ phlebotomist സേവനം ലഭ്യമാക്കിയത് മുതൽ രോഗികൾക്ക് താമസംവിന ലാബ്ടെസ്റ്റുകൾ നൽകുവാൻ സാധിക്കുന്നു.

മെഡിക്കൽ കോളേജ് ആശുപത്രി രോഗീ സൗഹാർദ്ദം ആക്കുന്നതിന്റെ ഭാഗമായി ഹോസ്പിറ്റൽ എക്സ്ചേഞ്ച് കമ്പ്യൂട്ടർവൽക്കരണം നടത്തി ഒരു സമയം 30 കോളുകൾ അറ്റൻഡ് ചെയ്യാൻ കഴിയുന്ന ഈ സംവിധാനം രോഗികൾക്ക് മെഡിക്കൽ കോളേജുമായി ബന്ധപ്പെടുന്നത് സുഗമമാക്കുന്നു. കോൾ ബാക്ക് ഫെസിലിറ്റി മിസ്ഡ്കോൾ ഐഡൻറിഫിക്കേഷൻ എന്നിവ ഇതുവഴി നടത്താനാകും മെഡിക്കൽ കോളേജ് annual maintenance fund ൽ നിന്നും 6 ലക്ഷം ചിലവിട്ടണ് ഈ സംവിധാനം ഒരുക്കിയിരിക്കുന്നു.

ആശുപത്രിയിലെ പ്രധാനനിർദ്ദേശങ്ങൾ കൈമാറുന്നതിനായി അനൗൺസ്മെന്റ് സിസ്റ്റം ഏർപ്പെടുത്തി. എത്തുന്ന രോഗികൾക്കും ജീവക്കാർക്കും ഏറെ പ്രയോജനപ്രദമായ ഈ സംവിധാനം എല്ലാ വാർഡുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും 13 ലക്ഷം ചിലവഴിച്ചാണ് അനൗൺസ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

സർക്കാർ മെഡിക്കൽ കോളേജുകളിൽ നടപ്പിലാക്കി വരുന്ന എമർജൻസി കോവിഡ് റെസ്പോൺസ് പ്രൊജക്റ്റ് II ന്റെ ആദ്യ ഘട്ടമായി എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2.25 കോടി രൂപ ചിലവിൽ സെൻറർ ഓഫ് എക്സ് ലൻസ് സജ്ജീകരിച്ചു. ആശുപത്രിയിലെ ശിശു രോഗ വിഭാഗത്തിൽ എൻ.എച്ച്.എം ECRP-II ഫണ്ട് ഉപയോഗിച്ച് 8 എച്ച്.ഡി.യു കിടക്കകളും invasive ventilation സൗകര്യത്തോടുകൂടി 4 ഐ.സി.യു കിടക്കകളും ഉൾപ്പെടെ ആണ് സജ്ജീകരിച്ചിട്ടുള്ളത്. M/s HLL Infratech Services Limited ആണ് ഈ പ്രോജെക്റ്റ് നടപ്പിലാക്കിയത്.

ബഹു. വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രിയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ ചിലവിൽ ഫുഡ് കോർട്ടിന്റെ നിർമ്മാണം പൂർത്തിയായി. സാധാരണകാരായ രോഗികൾ ആശ്രയിക്കുന്ന മെഡിക്കൽ കോളേജിൽ ഭക്ഷണം കഴിക്കാൻ സ്ഥലം അനിവാര്യമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കഫ്റ്റേരിയക്ക് സമീപം പണികഴിപ്പിച്ച ഫുഡ്കോർട്ട് വരുന്നതോടുകൂടി കഫ്റ്റീരിയായിലെ തിരക്ക് കുറയ്ക്കുവാൻ സഹായിക്കും.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഓ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, ഫാർമസി കൗണ്ടറുകൾ എന്നിവിടങ്ങളിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തി ഇതു വഴി രോഗികൾ അധിക സമയം ക്യൂവിൽ നിൽക്കുന്നത് ഒഴിവാക്കാൻ സാധിക്കും. മുതിർന്ന പൗരന്മാർ, കുട്ടികൾ, ഗർഭിണികൾ, വികലാംഗർ എന്നിവർക്കുള്ള പ്രത്യേക പരിഗണനയും ടോക്കൺ സിസ്റ്റത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ടിൽ നിന്നും മൈനർ വർക്ക് പ്ലാൻ ഫണ്ടിൽ നിന്നും ഓ.പി. ഫാർമസിയിൽ ടോക്കൺ സിസ്റ്റം സ്ഥാപിച്ചത്. മെഡിക്കൽ കോളേജിന്റെ ഫണ്ട് ഉപയോഗിച്ചാണ് ഓ.പി രജിസ്ട്രേഷൻ കൗണ്ടറിൽ ടോക്കൺ സിസ്റ്റം സ്ഥാപിച്ചത്.

മെഡിക്കൽ കോളേജിലെ ഫാർമസി സ്റ്റോറിൽ മരുന്നുകൾ സൂക്ഷിക്കുന്ന സ്റ്റോർ എയർ കണ്ടിഷനിംഗ് സൗകര്യം ഒരുക്കുകയും സ്റ്റോറേജിന് വേണ്ടി പുതിയ റാക്കുകൾ നിർമ്മിക്കുകയും ബാത്ത്റൂം നവീകരിക്കുകയും ഓഫീസ് റൂമുകൾ പാർട്ടീഷൻ ചെയ്ത ടൈൽ പാകുകയും പെയിൻറിംഗ് നടത്തുകയും ഇരുവശങ്ങളിലും പോർച്ച് നിർമ്മിക്കുകയും ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് നവീകരണ വർക്കുകൾ ചെയ്യുകയും ചെയ്തു. പ്ലാൻ ഫണ്ടിൽ നിന്നും 175 ലക്ഷം ചിലവഴിച്ച് പി.ഡബ്ല്യൂ.ഡിയാണ് ഈ വർക്കുകൾ പൂർത്തീകരിച്ചത്

മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ ഓഫീസ്, അക്കാദമിക് ഓഫീസ്, മെഡിക്കൽ റെക്കോർഡ്സ്, തുടങ്ങി പ്രധാനപ്പെട്ട ഓഫീസുകൾ സ്ഥിതി ചെയ്യുന്ന അഡ്മിനിസ്ട്രേറ്റീവ് ആശുപത്രിയിൽ കെട്ടിടത്തിൽ എം.എൽ.എ - എസ്.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മുകൾ നിലകളിലുള്ള ഓഫീസുകളിൽ സഹായകരമാകുന്ന വിധത്തിൽ 8 പേർക്ക് സഞ്ചരിക്കാവുന്ന ഗ്ലാസ്സ് ലിഫ്റ്റ്സ്ഥാപിച്ചു. ഗ്ലാസ്സ് ലിഫ്റ്റ് സംവിധാനം ലിഫ്റ്റിൽ ഒരുക്കിയിരിക്കുന്നതിനാൽ പുറത്തുള്ള കാഴ്ചകൾ സുതാര്യമാണ്.

പ്ലാൻ ഫണ്ട് 2022-23 ൽ ഉൾപ്പെടുത്തി 2.5 കോടി രൂപയുടെ എം.ആർ.ഐ കെട്ടിടത്തിന്റെ ഒന്നാം നില പണി പൂർത്തീകരിച്ച് 12 പേ വാർഡ് റൂമുകളും 4 റൂം ഉൾപ്പെടുന്ന കോസ്മോളജി ക്ലിനിക്കും ഉൾപ്പെടുത്തിയാണ് ഹെൽത്ത് ഹബ് സജ്ജീകരിച്ചിട്ടുള്ളത്. ഈ വർക്കിൽ ഈ കെട്ടിടത്തിലേക്കുള്ള 2 nos 26 passenger bed lift ന്റെ ലിഫ്റ്റ് വെല്ലും ലിഫ്റ്റ് existing ബിൽഡിങ്ങിലേയ്ക്ക് കണക്ട് ചെയ്യുന്ന lobby

യും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ 16 റൂമുകളിലെ floor & wall ടൈലിങ്, cub board setting, ഹെൽത്ത് ഹബിന് ഉതകുന്ന തരത്തിൽ പ്രീമിയം ക്വാളിറ്റി ബാത്ത്റൂം ഫിറ്റിങ്സ് ഉപയോഗിച്ച് സജ്ജീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ External painting, corridor & curved portion structural glazing എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്.

പ്ലാൻ ഫണ്ട് 2022-23 ൽ ഉൾപ്പെടുത്തി 2 കോടി ചിലവാക്കി കൊണ്ട് പി.ഡബ്ലിയു.ഡി വഴി 7 സ്ഥലങ്ങളിലായി 86 കാർ പാർക്കിങ് ചെയ്യാൻപറ്റുന്ന വിധത്തിൽ മൾട്ടിപാർക്കിംഗ് ഷെഡുകൾ നിർമ്മിച്ചിട്ടുണ്ട്. സെൽഫ് സപ്പോർട്ടഡ് ട്രസ് ലെസ്സ് ആർച്ച് ടെക്നോളജി ഉപയോഗിച്ചാണ് ഷെഡുകൾ നിർമ്മിച്ചിട്ടുള്ളത്. മെഡിക്കൽ കോളേജിലേക്ക് വരുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താൻ ഇതുമൂലം സാധിച്ചിട്ടുണ്ട്.

സൂപ്പർ സ്പെഷാലിറ്റി ബ്ലോക്ക് കിഫ്ബിയിൽ നിന്ന് 285.31 കോടി രൂപയുള്ള അനുമതി പ്രകാരം 8 നിലകളിലായി (LG1,LG,LG3,G+4 floors) 8.27 ലക്ഷം സ്ക്വയർ ഫീറ്റിൽ 683 ബെഡുള്ള Super Speciality Block ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇൻകെൽ മുഖാന്തിരം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ Gynaecology Pedantic & Paediatric Surgery, Dental/Maxillofacial, Physical Medicine, Nephrology, Urology, Gastro Necrology& Gastro surgery , Cardiology & Cardio thoracic, Neuro & Neuro Surgery , Radiology എന്നീവിഭാഗങ്ങൾക്കുള്ള IP, OP, ICU സൗകര്യങ്ങളും, 14 ഓപ്പറേഷൻ തിയേറ്ററുകളുംഉൾക്കൊള്ളിച്ചിട്ടുണ്ട്.

നിലവിൽ സിവിൽ വർക്കുകൾ 99% പൂർത്തിയാക്കിട്ടുണ്ട്. MEP വർക്കുകളായ ഇലക്ട്രിക്കൽ, പ്ലംബിംഗ്, ഫയർ ഫൈറ്റിങ്, മെഡിക്കൽ ഗ്യാസ്സെല്ലൻ വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. MEP വർക്കുകൾ 94% പൂർത്തിയാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ വർക്ക് പൂർത്തിയാക്കിയാൽ മേൽ പറഞ്ഞ സൂപ്പർ സ്പെഷാലിറ്റി വിഭാഗങ്ങൾ പ്രവർത്തന സജ്ജമാക്കാൻ സാധിക്കുന്നതാണ്.

PM-ABHIM പദ്ധതിപ്രകാരം 23.75 കോടി രൂപയുടെ, 4 നിലകളിലായി (ബേസ്മെന്റ് + ഗ്രൗണ്ട്+2), 47222 ചതുരശ്രഅടി വിസ്തൃതിയിൽ 50 കിടക്കകളുള്ള ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണം WAPCOS ലിമിറ്റഡ് മുഖാന്തിരം പുരോഗമിക്കുന്നു ക്രിട്ടിക്കൽ കെയറിന്റെ നിർമാണം 72% സിവിൽ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. MEP വർക്കുകളായ ഇലക്ട്രിക്കൽ, പ്ലംബിംഗ്, ഫയർ ഫൈറ്റിങ്, മെഡിക്കൽ ഗ്യാസ്സെല്ലൻ വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. MEP വർക്കുകൾ 35 % പൂർത്തിയാക്കിയിട്ടുണ്ട്.

അഗ്നിശമന സംവിധാനം

മെഡിക്കൽ കോളേജ് കെട്ടിടങ്ങളിൽ ഓട്ടോമാറ്റിക് സ്പ്രിംഗ്ളർ സിസ്റ്റം, ഓട്ടോമാറ്റിക് ഡിറ്റക്ഷൻ അലാറം സിസ്റ്റം എന്നീ സൗകര്യങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് മികവുറ്റ അഗ്നിശമന സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടുള്ള വർക്കുകൾ പി.ഡബ്ല്യു.ഡി വഴി പുരോഗമിച്ചുകൊണ്ടിരിക്കുന്നു..

എറണാകുളം മെഡിക്കൽ കോളേജിൽ സെൻട്രൽ ഗവൺമെന്റിന്റെ Pan India പദ്ധതി പ്രകാരം 50 ലക്ഷത്തിന്റെ വൈറസ് റിസേർച്ച് ഡയഗ്നോസ്റ്റിക് ലാബ് സജ്ജീകരിക്കുന്ന പ്രവർത്തികൾ പി.ഡബ്ല്യു.ഡി വഴി ത്വരിത ഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പാർട്ടീഷൻ വർക്ക്, ഫാൾസ് സീലിംഗ്, ടൈലിങ് വർക്ക്, കാൽഡിങ് വർക്ക് എന്നീ വർക്കുകൾ ഇതിൽ ഉൾപ്പെടുന്നു. പുതിയതും അജ്ഞാതവുമായ വൈറസുകളെ തിരിച്ചറിയുക, ആരോഗ്യ സംരക്ഷണ വിദഗ്ധർക്ക് പരിശീലനം നൽകുക, ഡയഗ്നോസ്റ്റിക് കിറ്റുകൾ വികസിപ്പിക്കുക എന്നിവയാണ് ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ.

8. **സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ**

1. ക്യാംപസ് CCTV System -1.10 കോടി

2. കുട്ടികളുടെ ഐസിയു -90 ലക്ഷം

3. ലികിഡ് ഓക്സിജൻ പ്ലാൻറ് -83 ലക്ഷം

4. പിജി ഹോസ്റ്റൽ രണ്ടാം ഘട്ടം -3 കോടി

തീപ്പൊള്ളൽ പരിചരണ യൂണിറ്റ്-2.69 കോടി (കേന്ദ്ര ഫണ്ട്) തൃശ്ശൂർ മെഡിക്കൽ കോളജിൽ നവീകരിച്ച പൊള്ളൽ ചികിത്സാ വിഭാഗം പ്രവർത്തനം ആരംഭിച്ചു. 15 രോഗികൾക്ക് ഒരേ സമയം ആധുനിക ചികിത്സ നൽകുന്നതിനുള്ള സംവിധാനം ഇവിടെയുണ്ട്. തീവ്ര പരിചരണ വിഭാഗം, വാർഡുകൾ, ഓപറേഷൻ

തീയേറ്റർ എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. രോഗികൾക്ക് അ nu ണു ബാധ എൽക്കുന്നതിനുള്ള സാധ്യത പരമാവധി കുറയ്ക്കുന്നതിന് ആധുനിക ശീതീകരണ സംവിധാനവും മറ്റ് സൗകര്യങ്ങളും ഇവടെയുണ്ട്. 24 മണിക്കൂറും പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെയും നേഴ്സുമരുടെയും സേവനം ലഭ്യമാണ് . ആധുനിക സജ്ജീകരണങ്ങൾ ഉള്ള ഓപറേഷൻ തീയേറ്ററിൽ പൊള്ളൽ രോഗികൾക്ക് ആവശ്യമുള്ള എല്ലാ ശസ്ത്രക്രിയകളും നടത്താനുള്ള സൗകര്യം ഉണ്ട്

5. സോളാർ ഇലക്ട്രിക് പദ്ധതി –1 കോടി: മെഡിക്കൽ കോളേജ് അക്കാദമിക് ബ്ലോക്കിന്റെ മുകളിൽ സ്ഥാപിച്ച 150 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് ൽ നിന്നും ഈ കെട്ടിടത്തിലേക്ക് ആവശ്യമുള്ളതിനേക്കാൾ കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. തന്മൂലം വൈദ്യുതി ചാർജ്ജ് ഇനത്തിൽ വലിയ തുക ലാഭിക്കാൻ കഴിയും. പ്ലാന്റിന്റെ 5 വർഷത്തെ പരിപാലനം പദ്ധതിയുടെ ഭാഗമാണ്.

6. ആംബുലെൻസ് ട്രാക് നിർമ്മാണം –42 ലക്ഷം: നെഞ്ച് രോഗാശുപത്രിയിൽ നിന്നും പുതിയ ആശുപതിയിലേക്കുള്ള ഈ റോഡ് കോൺക്രീറ്റ് കട്ടകൾ ഉപയോഗിച്ച് പൂർണ്ണമായും ഗതാഗത യോഗ്യമാക്കിയതോടെ രണ്ട് ആശുപത്രികൾക്കും ഇടയിലുള്ള വാഹന സഞ്ചാരം സുഗമമായിട്ടുണ്ട്.

7. സർജിക്കൽ ഓൺകോളജി ഒ പി & ഒ ടി –2 കോടി: നെഞ്ച് രോഗാശുപത്രിയിലെ സർജിക്കൽ ഓൺകോളജി ഓ പി വിഭാഗവും ഡേ കെയർ കെട്ടിടത്തിന്റെ മുകളിലെ സർജിക്കൽ ഓ ടി അനുബന്ധ മുറികളും കാൻസർ രോഗികൾക്ക് ശസ്ത്രക്രിയ ചെയ്യുന്നതിനും സർജിക്കൽ ഓൺകോളജിസ്റ്റ് നെ കാണുന്നതിനും ഒരുകുടകീഴിൽ തന്നെ റേഡിയേഷൻ, സർജറി, കീമോതെറാപ്പി വിഭഗങ്ങൾ കൊണ്ടുവരുന്നതിനും സഹായകമാകും

ടെലി കൊബാൾട്ട് മെഷീൻ –3.50 കോടി: 2018–19 സാമ്പത്തിക വർഷത്തിൽ വടക്കാഞ്ചേരി എം എൽ അ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 3.5 കോടി രൂപ ചിലവഴിച്ച് വാങ്ങിച്ച ബാബട്രോൺ ടെലികോബാൾട്ട് മെഷിൻ റേഡിയേഷൻ രോഗികൾക്കായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ ശരാശരി 20 കാൻസർ രോഗികൾക്ക് ദിനംപ്രതി റേഡിയേഷൻ നൽകിവരുന്നു.

8. ട്രോമാ കെയർ &ട്രയാജ് കെട്ടിടം –7.04 കോടി (കേന്ദ്ര ഫണ്ട്) പുതിയ ട്രയാജ് സംവിധാനം വന്നതോടുകൂടി എല്ലാ പ്രധാന മെഡിക്കൽ വിഭാഗങ്ങളിലെയും ഡോക്ടർമാർ ഒരു ടീമായി അത്യാസന്ന നിലയിലുള്ള രോഗികളെ പരിചരിക്കുന്നതാണ്. മാത്രമല്ല ലാബ്, എക്സ്റേ, CT സ്കാൻ തുടങ്ങി എല്ലാ കാര്യങ്ങളും ഒരു കുടക്കീഴിൽ രോഗികൾക്ക് ലഭ്യമാണ്.

9. MRI സ്കാൻ –6.90 കോടി (RSBY ഫണ്ട് ) 1.5 ടെസ്ല എം ആര് ഐ സ്കാൻ 6.90 കോടി രൂപ: ആര് എസ് ബി ഐ ഫണ്ടിൽ നിന്നും ചിലവഴിച്ചാണ് സ്ഥാപിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ആദ്യത്തെ എംആർഐ സ്കാൻ മെഷീനാണിത്.

10. ഡിജിറ്റൽ റേഡിയോഗ്രാഫി –1.72 കോടി: ഡിആർ മെഷീൻ കുറഞ്ഞ സമയത്തിനുള്ളിൽ മികച്ച നിലവാരമുള്ള എക്സ്–റേ ചിത്രങ്ങൾ നൽകുന്നു. അപകടത്തിപ്പെട്ടു വരുന്ന രോഗികളുടെ ചികിത്സാ സൗകര്യം പുതിയ ട്രോമ കെട്ടിടത്തിൽ സ്ഥാപിച്ച ഈ ഉപകരണം മെച്ചപ്പെടുത്തുകയും എക്സ്–റേ ഫിലിമുകളുടെ ഉപയോഗം കുറയ്ക്കുകയും ചെയ്യും.

11. ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി –60 ലക്ഷം: ശരീരത്തിന്റെ ആന്തരിക അവയവങ്ങളുടെ പ്രത്യേക എക്സ്റേ എടുക്കുന്നതിനുള്ള ഉപകരണമാണ് ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി

12. RBSK ട്രെയിനിങ് സെൻറർ –2.12 കോടി (NHM ഫണ്ട്): ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള സേവനങ്ങളും രക്ഷിതാക്കൾ, കെയർ ടേക്കർമാർ, ഫാക്കൽറ്റികൾ തുടങ്ങിയവർക്കുള്ള പരിശീലന പരിപാടികളും നൽകും.

ഇ ഹെൽത്ത് പദ്ധതി –1.35 കോടി: ഓൺ ലൈൻ ഓ പി ടിക്കറ്റ് ബുക്കിങ്, ലാബ് ഫലങ്ങൾ മൊബൈൽ ഫോണിൽ ലഭിക്കുന്നതിനുള്ള സൌകര്യം, രോഗിയുടെ പെർമനന്റ് ഹെൽത്ത് റെക്കോർഡ് ആശുപത്രിയിൽ ഉണ്ടാകുന്നതുമൂലം രോഗിയുടെ എല്ലാ വിവരങ്ങളും പെട്ടെന്ന് ലഭിക്കുന്നതിനുള്ള സൌകര്യം എന്നിവ ഈ പദ്ധതിയിലൂടെ സാധ്യമാകുന്നു.

13. നവീകരിച്ച പവർ ലോൺട്രി –60 ലക്ഷം: വളരെ പഴക്കം ചെന്ന ലോൺട്രി മെഷ്യനുകൾ ഒഴിവാക്കി പുതിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചതോടെ ആശുപത്രിയിലെ ബെഡ് ഷീറ്റ് മുതലായ തുണികൾ കൂടുതൽ വൃത്തിയിൽ അലക്കുന്നതിനുള്ള അലക്കുന്നതിനുള്ള സൌകര്യം സെൻട്രൽ ലോൺട്രിയിൽ ലഭ്യമായിട്ടുണ്ട്.

14. ബ്ലഡ് ബാങ്ക് നവീകരണം –56.5 ലക്ഷം: ബ്ലഡ് ബാങ്കിന്റെ സ്ഥല സൌകര്യം വര്ധിപ്പിക്കുയകയും ആധുനിക ഉപകരണങ്ങളുടെ പ്രവർത്തനത്തിന് ഉതകും വിധം ഇലക്ട്രിക്കൽ ഇൻഫ്രാസ്ട്രക്ചർ തയാറാക്കുകയും ചെയ്തു.

15. കോംപ്രീഹെൻസീവ് ലാക്ടേഷൻ മേനേജ് മെന്റ് സെൻറർ –70 ലക്ഷം: മുലപ്പാൽ ഇല്ലാത്ത അമ്മമാരുടെ കുട്ടികൾക്ക് മുലപ്പാൽ നല്കുന്നതിന്ന് മുലപ്പാൽ സംഭരിച്ച് ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനും വിതരണം ചെയുന്നതിന്നുമുള്ള സംവിധാനം ഇതോടെ പുതിയ ആശുപത്രിയിൽ ലഭ്യമാണ്.

16. പാരാമെഡിക്കൽ എഡ്യൂക്കേഷൻ ബിൽഡിംഗ്: പാരാമെഡിക്കൽ വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്കും മറ്റുമായി 2 കോടി രൂപ ചിലവിൽ പാരാമെഡിക്കൽ എഡ്യൂക്കേഷൻ ബിൽഡിംഗ് പണി പൂർത്തീകരിച്ചു.

17. പി ജി ക്വാർട്ടേഴ്സ് രണ്ടാം ഘട്ടം: പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികളുടെ താമസ സൗകര്യത്തിനായി മൂന്നു കോടി രൂപ ചിലവിൽ പി ജി ക്വാർട്ടേഴ്സ് രണ്ടാം ഘട്ടം പണി പൂർത്തത്തീകരിച്ചു.

ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം: സർജറികൾക്കിടയിൽ രോഗികളുടെ X RAY എടുക്കുന്നതിനും വിദഗ്ധരോഗ നിർണ്ണയത്തിനും രോഗി പരിചരണത്തിനുമായി 1.70 കോടി രൂപ ചിലവിൽ ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം എന്ന ഉപകരണം വാങ്ങിച്ചു.

18. ICU ആംബുലൻസ്: 25 ലക്ഷം രൂപ ചിലവിൽ ICU സൗകര്യങ്ങളോടു കൂടിയ ആംബുലൻസ് വാങ്ങിക്കുകയുണ്ടായി. കൂടാതെ ഉദ്ദേശം 4 കോടി രൂപ ചിലവിൽ വിവിധ ഉപകരണങ്ങൾ രോഗി പരിചരണത്തിനും രോഗ നിർണ്ണയത്തിനും മറ്റുമായി ഈ മെഡിക്കൽ കോളേജിലേക്ക് വാങ്ങിയിട്ടുണ്ട്.

**<u>നിർമ്മാണത്തിലിരിക്കുന്ന പ്രധാന പ്രവൃത്തികൾ</u>**

<u>സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്ക്</u>

285.54 കോടി രൂപ ചിലവഴിച്ച് പൂർത്തിയാകാൻ പോകുന്ന ഈ കെട്ടിടം കിഫ്ബി പദ്ധതിയിലൂടെയാണ് കേരള സർക്കാർ സാധ്യമാക്കുന്നത്.മധ്യ കേരളത്തിലെ രോഗികൾക്ക് അത്യാവശ്യമായ 300 സൂപ്പർ സ്പെഷ്യലിറ്റി ബഡ്ഡുകൾ, 38 ഡയാലിസിസ് ബഡ്ഡുകൾ 26 ICU/ HDU ബഡ്ഡുകൾ, 28 ഐസൊലേഷൻ ബഡ്ഡുകൾ,25 ഐസൊലേഷൻ റൂമുകൾ, ഒപി റൂമുകൾ,16 ഓപ്പറേഷൻ തീയേറ്ററുകൾ എന്നിവയാണ് അനുബന്ധ സൗകര്യങ്ങളോടെ ഒരുക്കുന്നത്. എല്ലാ സൂപ്പർ സ്പെഷ്യലിറ്റി വിഭാഗങ്ങളും ഈ സമുച്ചയത്തിൽ ഒരുക്കുന്നു. മാർച്ച് 2016 ന് പൂർത്തീകരിക്കുന്ന രീതിയിൽ ആണ് ഇതിന്റെ നിർമ്മാണം വിഭാവനം ചെയ്തിരിക്കുന്നത് .

<u>അമ്മയും കുഞ്ഞും ബ്ലോക്ക്</u>

277.76 കോടി രൂപ ചിലവഴിച്ച് പൂർത്തിയാകാൻ പോകുന്ന ഈ കെട്ടിടം കിഫ്ബി പദ്ധതിയിലൂടെയാണ് കേരള സർക്കാർ സാധ്യമാക്കുന്നത്. 5 ലക്ഷത്തോളം ചതുരശ്ര അടി വിസ്തീർണം ഉള്ള ഈ ആശുപത്രി സമുച്ചയം ഏഴുനിലകളായാണ് പടുത്തുയർത്തുന്നത്. ഗൈനക്കോളജി, പീഡിയാട്രിക്സ്, നിയോ നാറ്റോളജി, പീഡിയാട്രിക് സർജറി എന്നീ വിഭാഗങ്ങളിലെ സേവനങ്ങളാണ് ഈ ആശുപത്രിയുടെ നല്കാൻ ഉദ്ദേശിക്കുന്നത്. അത്യാധുനിക തരത്തിലുള്ള ഒപിഡികൾ, ഫർമാസികൾ, അത്യാഹിത വിഭാഗം , ലേബർ റൂം, ഓപ്പറേഷൻ തീയേറ്ററുകൾ, വിവിധ തരാം ICU കൾ, ഐസൊലേഷൻ റൂമുകൾ, വാർഡുകൾ, ക്ലാസ് റൂം, കോൺഫറൻസ് റൂം, കഫ്റ്റീരിയ മുതലായവ എല്ലാം ഇതിൽ ഒരുക്കിയിരിക്കുന്നു. രണ്ടു വർഷത്തിനുള്ളിൽ പണി പൂർത്തത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാൻ പാകത്തിൽ ആണ് നിർമ്മാണ പ്രവർത്തനം ഉദ്ദേശിക്കുന്നത്. പൊതുജനാരോഗ്യ രംഗത്തിനും വൈദ്യ വിദ്യാഭ്യാസ മേഖലക്കും ആധുനികതരത്തിലുള്ള ഗവേഷണങ്ങൾക്കും ഈ പദ്ധതി ഒരു മുതൽക്കൂട്ട് ആയിരിക്കും. മാർച്ച് 2016 ന് പൂർത്തീകരിക്കുന്ന രീതിയിൽ ആണ് ഇതിന്റെ നിർമ്മാണം വിഭാവനം ചെയ്തിരിക്കുന്നത്.

<u>ക്രിട്ടിക്കൽ കെയർ യൂണിറ്റ്</u>

കേന്ദ്ര സർക്കാരിന്റെ ഫണ്ട് (PMABHIM) ഉപയോഗിച്ച് 13.52 കോടി രൂപ ചിലവഴിച്ച് നിർമ്മിക്കുന്ന ക്രിട്ടിക്കൽ കെയർ യൂണിറ്റിന്റെ നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്.

**9. സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി**

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ERCP ഫണ്ട് ചെലവഴിച്ച കുട്ടികളുടെ ICU HDU & Ward വിപുലീകരണ പ്രവർത്തികൾ പൂർത്തിയാക്കി വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ട്. കാഷ്വാലിറ്റി നവീകരിച്ച് ഒബ്സർവേഷൻ റൂം കൂടി നിർമ്മിച്ച് രോഗികളുടെ ചികിത്സ വേഗത്തിലാക്കി രോഗിസൗഹൃദമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ആശുപത്രിയിലെ A-C ബ്ലോക്കുകളെ ബന്ധിപ്പിച്ചുകൊണ്ട് വിശാലവും രോഗിസൗഹൃദവുമായ ഒരു റാമ്പ് നിർമ്മിച്ചതോടെ രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും ഡോക്ടർമാരുടെയും സഞ്ചാരം അനായാസമാക്കിയിട്ടുണ്ട്. കൂടാതെ നിലവിൽ ഉണ്ടായിരുന്ന STP യോട് ചേർന്ന് എഫ്ലുവെൻറ് ട്രീറ്റ്മെൻറ് പ്ലാന്റ് കൂടി സ്ഥാപിച്ച് ശുദ്ധീകരിച്ച ജലം പുനരുപയോഗിക്കുന്നതിന് കഴിയും വിധമാക്കിയിട്ടുണ്ട്. ക്യാമ്പസിനുള്ളിൽ തന്നെ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും ആയി കാൻറീൻ കെട്ടിടം നിർമ്മിച്ച പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. MRI മെഷീൻ സ്ഥാപിക്കുന്നതിനും ഡിപ്പാർട്ട്മെൻറ് ഓഫീസ് അടക്കം മറ്റ് ആവശ്യങ്ങൾക്കുമായി ഇന്റർവെൻഷണൽ റേഡിയോളജി ബ്ലോക്ക് നിർമ്മാണം പൂർത്തീകരിക്കുകയും ഇതേ കെട്ടിടത്തിൽ തന്നെ ഡയാലിസിസ് യൂണിറ്റും സജ്ജീകരിച്ചിട്ടുണ്ട്. ആശുപത്രിയിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് 750 KV ജനറേറ്റർ സ്ഥാപിച്ച് പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്. രോഗികൾക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ലേബർ റൂം വിപുലീകരിക്കുകയും കാർഡിയോളജി ഒ.പി യിൽ എത്തുന്നവർക്ക് വെയിറ്റിംഗ് റൂം സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. DHR-ICMR പദ്ധതി പ്രകാരം വൈറസ് സംബന്ധമായ രോഗങ്ങൾ പരിശോധിച്ച വേഗത്തിൽ കണ്ടെത്തുന്നതിന് വൈറസ് റിസർച്ച് ആൻഡ് ഡയഗ്നോസ്റ്റിക് ലബോറട്ടറി യുടെ (VRDL) നിർമ്മാണവും

പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. KHRWS മുഖേന 5 കോടി രൂപ ചെലവഴിച്ച് കൊണ്ട് 128 slice CT scan സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുമൂലം ചുരുങ്ങിയ ചെലവിൽ സ്കാനിങ് ചെയ്യുന്നതിന് രോഗികൾക്ക് ഉപകാരമായിട്ടുണ്ട്. കൂടാതെ G+8 നിലകളോടെ ഗേൾസ് ഹോസ്റ്റലും G+6 നിലകളോടെ ടീച്ചിംഗ് സ്റ്റാഫ് കോർട്ടേഴ്സും നിർമ്മാണം പൂർത്തീകരിക്കുകയും ഈ സ്ഥാപനത്തിലെയും നഴ്സിംഗ് കോളേജിലെയും മുഴുവൻ പെൺകുട്ടികളെയും താമസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോർട്ടേഴ്സ്, ആവശ്യമായ എല്ലാ സ്റ്റാഫിനും അനുവദിച്ചു നൽകാനും കഴിഞ്ഞിട്ടുണ്ട്. ക്വാർട്ടേഴ്സിലേയ്ക്കും ഹോസ്റ്റലുകളിലേക്കും യഥേഷ്ടം സഞ്ചരിക്കുന്നതിന് BM&BC റോഡ് നിർമ്മിച്ച് യാത്രസൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള സംവിധാനം കാര്യക്ഷമമാക്കുന്നതു സംബന്ധിച്ച് വാട്ടർ അതോറിറ്റി മുഖാന്തിരം 82 ലക്ഷത്തോളം രൂപ ചെലവഴിച്ച് ആശുപത്രിയിലേക്കും ക്യാമ്പസിലെ ഓവർഹെഡ് ടാങ്കിലേയ്ക്കും കുടിവെള്ളമെത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ബഹു.എം.പി.ഫണ്ട് ചെലവഴിച്ച് ഡയാലിസിസ് യൂണിറ്റും ബഹു.എം.എൽ.എ ഫണ്ട് ചെലവഴിച്ച് മോർച്ചറി നവീകരണവും പൂർത്തികരിച്ചിട്ടുണ്ട്. NHM മുഖേന 23.75 കോടി ചെലവിൽ ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണം നടന്നുവരുന്നു.

കൂടാതെ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് 2023 – 24 കാലയളവിൽ മദർ & ബേബി ഫ്രണ്ട്ലി അംഗീകാരം (MBFHI) ലഭിച്ചിട്ടുണ്ട്. 2025-ൽ ദേശീയ മുസ്കാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്.

## 10. **സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്**

1. ആകാശ പാത

കോഴിക്കോട് മെഡിക്കൽ കോളേജിലെ എം.സി.എച്ച്. സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രി. പി.എം.എസ്.എസ്.വൈ. എന്നീ ആശുപത്രികളെ ബന്ധിപ്പിച്ചു കൊണ്ട്, ആകാശപാതയുടെ നിർമ്മാണം പൂർത്തീകരിച്ച് 07.02.2022 -ന് ബഹു. പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി ശ്രീ. മുഹമ്മദ് റിയാസ് ഉദ്ഘാടനം നടത്തി രോഗികൾക്കും ജീവനക്കാർക്കുമായി തുറന്നു കൊടുത്തു. ബി.പി.സി.എൽ -ന്റെയും കോഴിക്കോട് മെഡിക്കൽ കോളേജ് അലുമിനി അസോസിയേഷന്റെയും സാമ്പത്തിക സഹായത്തോടെ രണ്ട് കോടി രൂപയുമാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്.

2. മിൽക്ക് ബാങ്ക്

ആശുപത്രിയിലുള്ള നവജാത ശിശുക്കൾക്ക് നൽകിയശേഷം ബാക്കി വരുന്ന മുലപ്പാൽ മിൽക്ക് ബാങ്കിലേക്ക് അമ്മമാർ ഡൊനേറ്റ് ചെയ്യുകയും മുലപ്പാൽ കുറവുള്ള അമ്മമാർക്ക് അവരുടെ കുഞ്ഞിന് ഈ മിൽക്ക് ബാങ്കിൽ നിന്നും മുലപ്പാൽ വാങ്ങി നല്കാൻ കഴിയുന്നതുമാണ്. പ്രീടേം ബേബികൾക്ക് ഈ പദ്ധതി വഴി മികച്ച പ്രതിരോധ ശക്തി ലഭിക്കുന്നതാണ്. ഈ പദ്ധതിക്കുള്ള ഫണ്ട് NHM ആണ് നൽകുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 17-09-2021-ന് ഉദ്ഘാടനം നടത്തി.

3. നെഫ്രോളജി വിഭാഗത്തിൽ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) മാരുടെ 4 പോസ്റ്റ് 2021-22 സാമ്പത്തിക വർഷത്തിൽ സൃഷ്ടിച്ചു.

4. പി എം എസ് എസ് വൈ ബ്ലോക്ക്

കോഴിക്കോട് മെഡിക്കൽ കോളേജിന് അനുവദിച്ച പി.എം.എസ്.എസ്.വൈ പ്രോജക്ടിന് വേണ്ടി കേന്ദ്ര വിഹിതമായി 120 കോടിയും സംസ്ഥാന വിഹിതമായി 75.93 കോടി രൂപയും അനുവദിച്ചു. 7 നിലകളുള്ള (G+6) കെട്ടിടത്തിൽ 7 സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ, ഓപ്പറേഷൻ തിയേറ്ററുകൾ,

തീവ്രപരിചരണ യൂണിറ്റുകൾ, IPD, ഫാക്കൽറ്റി ഏരിയ എന്നിവ ഉൾക്കൊള്ളാൻ രൂപകൽപ്പന ചെയ്തിരിക്കുന്നു. ആക്സിഡന്റ് ആന്റ് എമർജൻസി കെയർ, 5 സർജിക്കൽ സൂപ്പർ സ്പെഷ്യലിറ്റി വിഭാഗങ്ങൾ 500 ബെഡുകൾ (190 ഐ.സി.യു ബെഡുകൾ ഉൾപ്പെടെ), 19 മോഡ്യുലാർ ഓപ്പറേഷൻ തിയേറ്ററുകൾ 10 തീവ്ര പരിചരണം യൂണിറ്റുകൾ ബെഡുകൾ ഉൾപ്പെടുന്നതാണ്. സിസിടിവി സംവിധാനം, ഡാറ്റാ സംവിധാനം, പിഎ സിസ്റ്റം ലിഫ്റ്റുകൾ തുടങ്ങിയവ കെട്ടിടത്തെ രോഗി സൗഹൃദ ആശുപത്രിയാക്കുന്നതിന് നിർദ്ദിഷ്ട കെട്ടിടത്തിൽ ലഭ്യമാണ്. താഴെ പറയുന്ന വകുപ്പുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

a) അനസ്തേഷ്യോളജി
b) കാർഡിയോ വാസ്കുലർ, തൊറാസിക് ശസ്ത്രക്രിയ
c) എമർജൻസി മെഡിസിൻ
d) പ്ലാസ്റ്റിക് സർജറി
e) യൂറോളജി
f) ന്യൂറോ സർജറി
g) സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി

പ്രസ്തുത കെട്ടിടം നിർമ്മാണം പൂർത്തിയാക്കി 2023 മാർച്ച് നാലിന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ചു.

<u>ക്രിട്ടിക്കൽ കെയർ യൂണിറ്റ്</u>

2022-23 സാമ്പത്തിക വർഷത്തിൽ 71,94, 400/- രൂപ അനുവദിച്ച് ആരംഭിച്ച ക്രിട്ടിക്കൽ കെയർ യൂണിറ്റ്. നെഞ്ച് രോഗാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

6. 2023 -24 സാമ്പത്തിക വർഷത്തിൽ BSc RTT (റേഡിയോ തെറാപ്പി ടെക്നോളജി) BSc MIT (മെഡിക്കൽ ഇമേജിങ് ടെക്നോളജി) കോഴ്സുകൾ ആരംഭിച്ചു. 2024 -25 സാമ്പത്തിക വർഷത്തിൽ Bsc NMT കോഴ്സ് ആരംഭിച്ചു, കൂടാതെ BSc Respiratory Technology എന്ന കോഴ്സ് നടത്തുന്നതിന് അനുമതിയും ലഭിച്ചു.

7. <u>പെറ്റ് സി.ടി. സ്കാനർ</u>

ഉദ്ദേശത്തോടെ വർദ്ധിച്ചു വരുന്ന കാൻസർ രോഗികൾക്ക് അതി നൂതന. രോഗ നിർണയ സംവിധാനം ഏർപ്പെടുത്തുക എന്ന കോഴിക്കോട് മെഡിക്കൽ കോളജ് ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റിയുടെ സാമ്പത്തിക സഹായത്തോടുകൂടിയും, ബാങ്ക് വായ്പ ലഭ്യമാക്കിയുമാണ് പെറ്റ് സി.ടി. സ്കാനർ വാങ്ങുന്നതിന് ഉപകരണം ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തത്. തുടർന്ന് 9,94,00,000/- രൂപയ്ക്ക് വാങ്ങിയാണ് സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ സ്വകാര്യ മേഖലയിൽ മാത്രം ലഭ്യമായ ഈ ഉപകരണം സർക്കാർ മെഡിക്കൽ കോളേജിൽ സ്ഥാപിക്കുക വഴി കൂടുതൽ പാവപ്പെട്ട രോഗികൾക്ക് മികച്ച രോഗനിർണ്ണയം സാധ്യമാക്കുന്നത് വഴി മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിന് സഹായകമായിട്ടുണ്ട്.

8. Co2 Laser Systems for New Born with Tracheal disorder and Respiratory Distress in the Dept. of ENT. G.O. (Rt) 1983/2021H&FWD, dated 13.09.2021 പ്രകാരം 111 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. 100 ലക്ഷം രൂപ സർക്കാരും 11 ലക്ഷം KASP ഫണ്ടിൽ നിന്നും വകയിരുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നവജാത ശിശുക്കളിലെ ശ്വാസകോശ സംബന്ധമായ രോഗങ്ങളുടെ ചികിത്സയിൽ ഏറെ ഫലപ്രദമായ ഉപകരണമാണ് ഇത്.

9. Bone Conduction Implementation Surgery.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ശ്രവണസംബന്ധമായ രോഗങ്ങൾക്ക് ചികിത്സയില്ലുള്ള 27 കുട്ടികളെ ഇതിനായി തെരഞ്ഞെടുത്തു. ഓരോ രോഗിക്കും ഏകദേശം 6 ലക്ഷത്തോളം ചിലവ് വരുന്ന ചികിത്സ തികച്ചും സൗജന്യമായിട്ടാണ് ചെയ്തു കൊടുക്കുന്നത്. ഇന്ത്യയിൽ തന്നെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായിട്ടാണ് ഇത്തരത്തിലുള്ള സൗജന്യ ചികിത്സ. NHM RBSK 1,24,05,200/- രൂപ ഇതിനായി മാറ്റിവെച്ചിട്ടുണ്ട്.

10. പുതിയ ഡിപ്പാർട്ടുമെന്റുകൾ ആരംഭിച്ചത്

കോഴിക്കോട് ഗവൺമെൻറ് മെഡിക്കൽ കോളേജിൽ G.O. (Ms) 346/2023/H&FWD, തീയതി 21.12 2023 പ്രകാരം 9 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 4 അസിസ്റ്റൻറ് പ്രൊഫസർ തസ്തികകൾ പുതിയ ഡിപ്പാർട്ട് മെന്റുകളിലേക്ക് ആണ്. നിയോനാറ്റോളജി-1, റൂമറ്റോളജി-1, ഇൻറർവെൻഷനിൽ റേഡിയോളജി -1, എൻഡോക്രൈനോളജി-1, എന്നീ അസിസ്റ്റൻറ് നിയമിക്കപ്പെടുന്നതോടെ ഈ വകുപ്പുകൾ സ്വതന്ത്ര വകുപ്പുകളായി പ്രവർത്തിക്കുവാൻ സാധിക്കുന്നതാണ്. നവജാത ശിശുക്കളുടെ ചികിത്സ, വാതരോഗങ്ങളുടെ ചികിത്സ, ഹോർമോൺ രോഗങ്ങളുടെ ചികിത്സ എന്നീ പ്രൊഫസർ തസ്തികകളിൽ അധ്യാപകർ മേഖലകളിൽ കൂടുതൽ മെച്ചപ്പെട്ട OP, IP സേവനം എന്നിവയും മറ്റു ചികിത്സാ അക്കാദമിക പ്രവർത്തനങ്ങൾ ഭാവിയിൽ നൽകുന്നതിനും സഹായകരമാകുന്നതാണ്. ഇൻറർവെൻഷനൽ റേഡിയോളജി വിഭാഗം സ്ഥാപിക്കുന്നതോട് കൂടെ പല ആന്തരിക രോഗങ്ങൾക്കും റേഡിയേഷൻ ഉപയോഗിച്ച നൽകുന്ന ചികിത്സാ രീതിയിലൂടെ കൂടുതൽ രോഗികളിലേക്ക് ആശ്വാസമെത്തിക്കുവാൻ സാധിക്കും. അടുത്ത കാലത്തു മാത്രം വികസിതമായ ഈ ചികിത്സാ വിഭാഗം സർക്കാർ മെഡിക്കൽ കോളേജുകളിൽ എത്തുന്നത് ഈ സ്ഥാപനത്തെ ആശ്രയിക്കുന്ന പാവപ്പെട്ട രോഗികൾക്ക് വലിയ രീതിയിൽ സഹായകരമാകും.

11. നെഞ്ചുരോഗ ആശുപത്രിയിൽ, വാർഡ് 3, HDU ആക്കി മാറ്റി. പുതിയ 2 ബ്ലോക്കുകളുടെ നിർമ്മാണം ആരംഭിച്ചു. ജനറേറ്റർ, ലിഫ്റ്റ്, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിച്ചു.

12. മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിൽ ആശുപത്രിയുടെ ചികിത്സ ഗുണനിലവാരവും, മറ്റ് സൗകര്യങ്ങളും നിഷ്കർഷിച്ച തലത്തിലേക്ക് ഉയർത്തിയതുമൂലം ആശുപത്രിക്ക് സംസ്ഥാന, ദേശീയ തലത്തിലുള്ള ലക്ഷ്യ, മുസ്കാൻ, MBFHI അംഗീകാരങ്ങൾ ലഭിക്കുകയുണ്ടായി. ഇത്തരം പദ്ധതികളുടെ ഭാഗമായി ലേബർ റൂമും (സഖി ലേബർ റൂം), അനുബന്ധ സൗകര്യങ്ങളും പൂർണമായും നവീകരിച്ചു. മദർ ന്യൂ ബോൺ കെയർ യൂണിറ്റ് സ്ഥാപിച്ചു. ഒ പി ടിക്കറ്റ് കൗണ്ടറുകൾ കംപ്യൂട്ടർവത്കരിച്ചു.

11. **സർക്കാർ മെഡിക്കൽ കോളേജ്, വയനാട്**

2021 മാസത്തിൽ പ്രവർത്തി പഥത്തിൽ എത്തിയ വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ അദ്ധ്യയനം ആരംഭിക്കുന്നതിന് ആവശ്യമായ നിരവധി പ്രവർത്തനങ്ങളുടെ ഭാഗമായി 2025 - 26 അദ്ധ്യയന വർഷത്തിൽ എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിനായി എൻ.എം.സി.അംഗീകാരം ലഭ്യമായിട്ടുണ്ട്. 2021 ൽ മെഡിക്കൽ കോളേജ് ആരംഭിച്ചതിന് ശേഷം അനുബന്ധമായി വിവിധ

സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ എണ്ണം ഗണ്യമായി വർദ്ധിക്കപ്പെട്ടു. കൂടാതെ രോഗ നിർണയ വിഭാഗങ്ങളായ പാത്തോളജി, മൈക്രോബയോളജി, ബയോ കെമിസ്ട്രി നിലവിൽ വരികയും ആതുരർക്ക് മെച്ചപ്പെട്ട ചികിത്സ പ്രാപ്യമാകുകയും ഉണ്ടായി. കൂടാതെ ഒ.എം.എഫ്.എസ്.വിഭാഗവും കാർഡിയോളജി വിഭാഗവും സജ്ജമാവുകയുണ്ടായി. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഫൊറൻസിക്ക് മെഡിസിനിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ സർജന്റെ കൂടി സേവനം അധികമായി ലഭ്യമായിട്ടുണ്ട്. സാംക്രമിക രോഗങ്ങളുമായി ബന്ധപ്പെട്ട രോഗ പ്രതിരോധ നിദാന ശാസ്ത്ര വിഭാഗം (കമ്മ്യൂണിറ്റി മെഡിസിൻ) മെഡിക്കൽ കോളേജിന്റെ ഭാഗമായി പ്രവർത്തനം ആരംഭിച്ചു.

12. **സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ**

1. കണ്ണൂർ ഗവ. മെഡിക്കൽ കോളേജിന്റെ അടിസ്ഥാന വികസനത്തിനായി കിഫ്ബി ഫണ്ടിൽ നിന്നും 124.95 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| മെയിന്റനൻസ് ഫേസ്-I | 29.78 കോടി |
| ട്രോമ കെയർ ഫേസ് -I | 57.69 കോടി |
| ട്രോമകെയർ ഫേസ്-II | 37.48 കോടി. |

- മെയിന്റനൻസ് ഫേസ് -1 ന്റെ 35.52 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭിക്കുകയും പ്രവർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2023 ജനുവരി 18 ന് പ്രവർത്തി പൂർത്തിയാക്കാനാണ് കരാർ. എന്നാൽ ഏകദേശം 85% പ്രവർത്തിയാണ് നിലവിൽ പൂർത്തിയാക്കിയിട്ടുള്ളത്.

ട്രോമകെയർ ഫേസ്-1 ന് 88.4 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. വർക്കുകളുടെ ആർക്കിടെക്ച്ചറൽ ഡ്രോയിങ്ങ് IIT ചെന്നൈയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ട്രോമകെയർ ഫേസ്-2 ന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ഇത് വരെ ലഭിച്ചിട്ടില്ല.

2. പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനാൽ നിലവിലുള്ള ജീവനക്കാരുടെ ആഗിരണ പ്രക്രിയ പൂർത്തിയാക്കുന്നതിനായി 147 ഡോക്ടർമാർ, 521 നഴ്സിംഗ് ജീവനക്കാർ, 208 നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡർ എന്നീ തസ്തികകളും നഴ്സിംഗ് കോളേജ്, ഫാർമസി കോളേജ്, പാരാമെഡിക്കൽ ജീവനക്കാർ, മിനിസ്റ്റീരിയൽ ജീവനക്കാർ, എഞ്ചിനീയറിംഗ് ജീവനക്കാർ എന്നിവരെ ആഗിരണം ചെയ്യുന്നതിനായി 564 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർമാരുടെയും നഴ്സിംഗ് സ്റ്റാഫിന്റെയും ആഗിരണ പ്രക്രിയ പൂർത്തീകരിച്ചിട്ടുണ്ട്. നിയമന ഉത്തരവ് നൽകി. 564 തസ്തികകളുടെ വർഗ്ഗീകരണം പൂർത്തിയായിട്ടില്ല. കൂടാതെ ആശുപത്രിയിൽ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനായി 100 ഡോക്ടർമാരുടെ അധിക തസ്തിക കൂടി സൃഷ്ടിച്ചിട്ടുണ്ട്.

2021-22 ൽ പ്ലാൻ ഫണ്ടിൽ നിന്നും 106985000 (പത്ത് കോടി അറുപത്തി ഒൻപത് ലക്ഷത്തി എൺപത്തി അയ്യായിരം രൂപ) രൂപയുടെ യന്ത്രോപകരണങ്ങൾ (ഡിജിറ്റൽ റേഡിയോഗ്രഫി, ഐ.എ.ബി.പി.മെഷീൻ, ഹാർട്ട് ലങ്ങ് മെഷീൻ, കാത്ത് ലാബ്, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, വെന്റിലേറ്റർ തുടങ്ങിയവ) വാങ്ങി ഉപയോഗിക്കുന്നുണ്ട്. ഇതുമൂലം ആശുപത്രിയുടെ സുഗമമായ പ്രവർത്തനം സാധ്യമാകുന്നു. കൂടാതെ ക്യാൻസർ ചികിത്സയ്ക്കായി 4,28,81,780/-രൂപ ചെലവിൽ ബ്രാക്കിതെറാപ്പി മെഷീൻ വാങ്ങുന്നതിന് ഫണ്ട് നൽകിയിട്ടുണ്ട്. പ്ലാന ഫണ്ടിൽ നിന്നും അദർ ചാർജ്ജസ് എന്ന ശീർഷകത്തിൽ അനുവദിച്ച 19904000 (ഒരു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തിനാലായിരം) രൂപ ഉപയോഗിച്ച് വിവിധ ചെറുകിട ഉപകരണങ്ങൾ വാങ്ങി ആശുപത്രി പ്രവർത്തനം സുഗമമായി നടത്തി വരുന്നു. 2022-23 ൽ

യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 99055000/- (ഒമ്പത് കോടി തൊണ്ണൂറ് ലക്ഷത്തി അമ്പത്തിഅയ്യായിരം) രൂപയും മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 41137000 (നാല് കോടി പതിനൊന്ന് ലക്ഷത്തി മുപ്പത്തിയേഴായിരം) രൂപയുടെയും ഭരണാനുമതി ലഭിക്കുകയും ഈ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. 2023-24 ൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 8 കോടി രൂപയും മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 4.5 കോടി രൂപയുടെയും ഭരണാനുമതി ലഭിക്കുകയും ഈ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഈ ഉപകരണങ്ങളുടെ

3. സഹായത്തോടു കൂടി കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ എത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകാന സാധിക്കുന്നുണ്ട്.

4. കണ്ണൂർ ഗവ. മെഡിക്കൽ കോളേജിന്റെ ജല സംസ്കരണ ശാലയുടെ അറ്റകുറ്റപണിക്ക് പ്ലാൻ ഫണ്ടിൽ 90 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും കേരള ഗവ. അക്രഡിറ്റഡ് ഏജൻസിയായ IRTC പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.

5. Registration cum waiting area നിർമ്മാണത്തിനായി (Creation of patient friendly Hospital Environment-DME) പ്ലാൻ ഫണ്ടിൽ നിന്നും 1 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പിലേക്ക് തുക കൈമാറുകയും ചെയ്തു. ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചു. ആർക്കിടെക്ചറൽ ഡ്രോയിംഗ്സ് അന്തിമമാക്കുന്ന നടപടികൾ നടന്നു വരുന്നു (2021-22)

6. ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ, ഡി ടൈപ്പ് ക്വാർട്ടേഴ്സ് എന്നിവയുടെ അറ്റകുറ്റ പണികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും 20601000 (രണ്ട് കോടി ആറ് ലക്ഷത്തി ഒരായിരം) രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമാരാമത്ത് വകുപ്പിലേക്ക് തുക കൈമാറുകയും ചെയ്തു. പ്രവർത്തി പൂർത്തീകരിച്ചു (2021-22)

7. 2021-22 ൽ ആശുപത്രിയിൽ ലിഫ്റ്റ് (15 യാത്രക്കാർ) നിർമ്മാണത്തിനായി Ensuring Disabled & Elderly Friendly Environment in medical Colleges എന്ന പ്ലാൻ ഫണ്ടിൽ നിന്നും 30 ലക്ഷം രൂപയുടെ ഭരണാനുമതി പൊതുമാരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 2022-23 Ensuring Disabled & Elderly Friendly Environment in medical Colleges എന്ന പ്ലാൻ ഫണ്ടിൽ നിന്നും വിവധ ജോലികൾക്കായി 40 ലക്ഷം രൂപയുടെ ഭരണാനുമതി പൊതുമാരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്. രണ്ട് റാമ്പിന്റെ പ്രവൃത്തി പൂർത്തിയായി.

പാരാമെഡിക്കൽ ഹോസ്റ്റൽ നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 2021-22 ൽ 22.71 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതിയും 3 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിരുന്നു. ആർക്കിടെക്ചറൽ ഡ്രോയിങ്ങസ് അന്തിമമാകുന്ന നടപടികൾ നടന്നു വരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 3 കോടി രൂപയും, 2024-25 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

8. പി.ജി ഹോസ്റ്റൽ നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 2021-22 ൽ 28.16 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതിയും 2 കോടി രീപയുടെ ഭരണാനുമതിയും ലഭിച്ചിരുന്നു. ആർക്കിടെക്ചറൽ ഡ്രോയിങ്ങ്സ് അന്തിമമാക്കി. സ്ട്രക്ച്ചറൽ ഡിസൈൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ബജറ്റിൽ വകയിരുത്തി.

9. ഫാർമസി കോളേജിൽ അഡീഷണൽ ക്ലാസ്സ് റൂം നിർമ്മാണത്തിനായി മൈനർ വർക്ക് എന്ന പ്ലാൻ ശീർഷകത്തിൽ 1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത തുക പൊതുമാരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തി പൂർത്തിയായി. (2022-23)

10. Standardisation of facilities in Maternal and Child Health Units in Medical College Hospital എന്ന പ്ലാൻ ശീർഷകത്തിൽ 1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ പുരോഗമിക്കുന്നു.

11. ഈ-ഹെൽത്ത് പ്രോജക്ട് പ്രവർത്തികൾ ഈ സ്ഥാപനത്തിൽ പുരോഗമിച്ചു വരികയാണ്.

12. ബഹു. കല്ല്യാശ്ശേരി എം.എൽ.എ.ശ്രീ.ടി.വി രാജേഷിന്റെ ആസ്തി വികസന ഫണ്ട് (11.77 ലക്ഷം രൂപ) ഉപയോഗിച്ച് വൈറോളജി ലാബ് സ്ഥാപിച്ചിട്ടുണ്ട്.

13. കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതിയുടെ ഭാഗമായി 7 കോടി രൂപ ചിലവിട്ട് നിർമ്മിച്ച 400 മീറ്റർ സിന്തറ്റിക് ട്രാക്കിന്റെയും 58 ലക്ഷം രൂപ ചിലവിട്ട നിർമ്മിച്ച ഫുട്ബോൾ ഗ്രൗണ്ടിന്റെയും ഉൽഘാടനം നിർവ്വഹിക്കപ്പെട്ടു. HDS ഫണ്ട് ഉപയോഗിച്ച് ഫാർമസിയുടെ നവീകരണ പ്രവൃത്തിയും മരുന്ന് സംഭരണ ശാലയുടെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

14. മൈനർ വർക്ക്സ് ശീർഷകത്തിൽ Revamping of roofing the terrace level of existing examination hall area ക്ക് വേണ്ടി 85 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചു.

15. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഈ ആശുപത്രിയിൽ ഓക്സിജൻ ജനറേഷൻ പ്ലാന്റ് നിർമ്മിച്ചു. ആയതിന് കെട്ടിടം നിർമ്മിക്കാനാവശ്യമായ 30 ലക്ഷം രൂപ അനുവദിച്ചത് എൻ എച്ച് എം ആണ്. ഇതിലേക്ക് ആവശ്യമായ ഉപകരണങ്ങൾ KMSCL വഴിയാണ് ലഭിച്ചത്.

16. കോവിഡ് മഹാമാരിയെ കാര്യക്ഷമമായി നേരിടുന്നതിന് എൻ എച്ച് എം ഫണ്ട് ഉപയോഗിച്ച് 14,45,000/- രൂപ ചെലവിൽ ഹൈ ഡിപ്പന്റൻസി യൂണിറ്റ് സ്ഥാപിച്ചു.

17. കോവിഡ് മഹാമാരിയെ കാര്യക്ഷമമായി നേരിടുന്നതിന് കേന്ദ്ര സർക്കാരിന്റെ PMCARES ഫണ്ട് ഉപയോഗിച്ച് അതിഥി തൊഴിലാളികൾക്കായി 14,79,994/- (പതിനാല് ലക്ഷത്തി നാല്പത്തിഅയ്യായിരം) ഉപയോഗപ്പെടുത്തി ലേബറേഴ്സ് വാർഡും ഐ സിയുവും നിർമ്മിച്ചു.

18. കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ പുതുതായി പ്ലാസ്റ്റിക് സർജറി വിഭാഗം ആരംഭിച്ചു.

19. 2023-24 സാമ്പത്തിക വർഷത്തിൽ മൈനർ വർക്ക്സ് ശീർഷകത്തിൽ വിവിധ വർക്കുകൾക്കു വേണ്ടി 2.15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. വിവിധ നവീകരണ പ്രവൃത്തികൾ നടന്നു.

20. ബഹു.കല്ല്യാശ്ശേരി എം എൽ എ ശ്രീ.എം വിജിന്റെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 2 ഹൈമാസ് ലൈറ്റും, 2 മിനി മാസ് ലൈറ്റും സ്ഥാപിച്ചിട്ടുണ്ട്.

21. ബഹു.കല്ല്യാശ്ശേരി എം എൽ എ ശ്രീ.എം വിജിന്റെ ആസ്തി വികസന ഫണ്ട് 4,60,000/- (നാല് ലക്ഷത്തി അറുപതിനായിരം) രൂപ ഉപയോഗിച്ച് 12 വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിച്ചിട്ടുണ്ട്. (2024-25).

22. ബഹു.കല്ല്യാശ്ശേരി എം എൽ എ ശ്രീ.എം വിജിന്റെ ആസ്തി വികസന ഫണ്ട് 35,00,000/- (മുപ്പത്തി അഞ്ച് ലക്ഷം) രൂപ ഉപയോഗിച്ച് 49 സീറ്റ് ബസ് വാങ്ങിയിട്ടുണ്ട്. (2023-24)

23. Viral Research Diagnostic laboratory (VRDL) സ്ഥാപിക്കുന്നതിനും നടത്തിപ്പിനുമായി 1971 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതി പ്രവർത്തനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. (2022-23)

24. ഡ്രഗ് സ്റ്റോർ നിർമ്മിക്കുന്നതിന് 3.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. (2023-24)

25. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'Increase of PG seats in State Government Medical Colleges" എന്ന സ്കീമിൽ 15 പിജി സീറ്റുകൾ അധികമായി ലഭിച്ചു. ഇതിന് 8.93 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.

26. മലിനജല ശുദ്ധീകരണശാലയുടെ നവീകരണ പ്രവർത്തിക്ക് 74.93 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും കേരള ഗവ. അക്രഡിറ്റഡ് ഏജൻസിയായ IRTC ക്ക് (പാലക്കാട്) 29.09.2023 ന് work order നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

27. കേന്ദ്ര ഗവൺമെന്റിന്റെ "PM-ABHIM" പദ്ധതി പ്രകാരം 50 കിടക്കകളോട് കൂടിയ ഒരു ക്രിട്ടിക്കൽ കെയർ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിന് 21.75 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പദ്ധതി സാങ്കേതിക അനുമതി ലഭിക്കുന്നതിന് വേണ്ടി കാത്തിരിക്കുന്നു.

28. 2024-25 സാമ്പത്തിക വർഷത്തിൽ മൈനർ വർക്സ് എന്ന ശീർഷകത്തിൽ 2.15 കോടി രൂപ അനുവദിച്ചു. വിവിധ നവീകരണ പ്രവൃത്തികൾ ആരംഭിക്കേണ്ടതിലേക്കായി തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

29. 2024-25 സാമ്പത്തിക വർഷത്തിൽ 19M&E എന്ന ശീർഷകത്തിൽ 35 ലക്ഷം രൂപയും, 24 M&S ൽ 2.6 കോടി രൂപയും, 34 other charges - ൽ 1.84 കോടി രൂപയും അനുവദിച്ചു. സാധന സാമഗ്രികൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

30. കേന്ദ്രാവിഷ്കൃത പദ്ധതിയായ "National One Health Programme for Prevention and Control of Zoonoses (NOHP-PCZ) പ്രകാരം Sentinel Surveillance sites for Zoonotic Diseases സ്ഥാപിക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തേക്ക് 16.5 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭിച്ചു. ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

31. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 13 കോടി രൂപ വിവിധ വികസിത പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. കൂടാതെ MRI Machine വാങ്ങുന്നതിനായി 13.74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

32. ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിനായി എമർജൻസി മെഡിസിൻ വിഭാഗത്തിനടുത്തായി കണ്ട്രോൾ റൂം സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

33. കോവിഡ് മഹാമാരി കാലത്ത് ആശുപത്രിയിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 12.5 കോടി രൂപ CSR ഫണ്ട് ലഭിച്ചിട്ടുണ്ട്.

34. Kerala Housing Board ന്റെ 6 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കുന്ന ആശ്വാസ് ഭവന പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

35. കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ 2025-26 വർഷത്തിൽ 9 മെഡിക്കൽ പിജി വിഭാഗങ്ങളിൽ, 14 പിജി മെഡിക്കൽ സീറ്റിനും, എംഡി ഫോറൻസിക് മെഡിസിനിൽ പുതുതായി പിജി സീറ്റ് അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ പൂർത്തീകരിച്ച് എൻ.എം.സി യുടെ letter of permission നു വേണ്ടി കാത്തിരിക്കുന്നു.

36. ഫാർമസി കോളേജിൽ പുതുതായി എം.ഫാം ന് ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി ആന്റ് ഫാർമസി പ്രാക്ടീസ് എന്ന വിഷയത്തിൽ 12 സീറ്റിന് ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. അടുത്ത വർഷം മുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

37. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്ഥാപനത്തിൽ എം.എസ്.സി നഴ്സിംഗ് ഓരോ വർഷവും 99 % വിജയം കാവരിക്കാനും, യൂണിവേഴ്സിറ്റി തലത്തിൽ റാങ്കുകൾ നേടിനും സാധിച്ചിട്ടുണ്ട്. എം.എസ്.സി നഴ്സിംഗ് വിദ്യാർത്ഥികൾക്ക് 2024 ലെ ബ്രസ്റ്റ് ഫീഡിംഗ് തീസിസ് അവാർഡും ലഭിച്ചിട്ടുണ്ട്. കൂടാതെ ബി.എസ്.സി നഴ്സിംഗിന് ഓരോ വർഷവും 95% അധികം വിജയം കൈവരിക്കാനാകുന്നുണ്ട്.

## 13. **സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ്**

കാസർഗോഡ് മെഡിക്കൽ കോളേജിൽ 2025 – 26 അദ്ധ്യയന വർഷത്തിൽ എം.ബി.ബി.എസ് തുടങ്ങാനുള്ള അനുമതി നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്നും കേരള ഹെൽത്ത് യൂണിവേഴ്സിറ്റിയിൽ നിന്ന് അഫിലിയേഷനും ലഭിച്ചിട്ടുണ്ട്. ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. അക്കാദമിക് ബ്ലോക്ക് പണി പൂർത്തിയായി പ്രവർത്തന സജ്ജമാണ്. ഇതോടൊപ്പം വിദ്യാർത്ഥികൾക്ക് താമസിക്കാനുള്ള ഹോസ്റ്റലും സ്റ്റാഫിന് താമസിക്കാനുള്ള കോട്ടേജ് പണി പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ മാത്രമേ ബാക്കിയുള്ളൂ. കാസർഗോഡ് ഉക്കി നട്ടക്കയിലുള്ള മെഡിക്കൽ കോളേജ് ക്യാമ്പസിൽ 500 കിടക്കകളുള്ള ആശുപത്രി പണി നടന്നു വരുന്നു. 57 ശതമാനത്തോളം പൂർത്തിയായ ഇതിൻറെ നിർമ്മാണ പ്രവർത്തനത്തിൽ ഇടയ്ക്ക് കോൺട്രാക്ടർ മാറിയ സാഹചര്യത്തിൽ ഉടനെ തന്നെ പണി പുനരാരംഭിക്കുകയും, യുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തിയാക്കി ഇപ്പോൾ ചേരുന്ന വിദ്യാർത്ഥികൾ രണ്ടാം വർഷം ആകുന്ന മുറയ്ക്ക് ആശുപത്രി പൂർണമായും പ്രവർത്തനസജ്ജമാവുകയും ചെയ്യും. ഇപ്പോൾ മെഡിക്കൽ കോളേജിൽ ഒ.പി വിഭാഗം

പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥി പ്രവേശനം സാധ്യമായ 9 മെഡിക്കൽ കോളേജുകളാണ് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി, കോന്നി എന്നീ മെഡിക്കൽ കോളേജുകളിൽ എൻ എം സി അംഗീകാരം ലഭ്യമാക്കുകയും 100 വീതം എം ബി ബി എസ് സീറ്റുകളിൽ 2022 മുതൽ വിദ്യാർത്ഥി പ്രവേശനം ആരംഭിക്കുവാൻ സാധിച്ചു. കാസർഗോഡ്, വയനാട് ജില്ല ആശുപത്രികൾ മെഡിക്കൽ കോളേജ് ആശുപത്രികളായി മാറ്റുകയും എൻ എം സി യുടേയും യൂണിവേഴ്സിറ്റിയുടേയും പരിശോധനകൾ നടത്തുകയും 50 എം ബി ബി എസ് സീറ്റുകൾ വീതം അംഗീകാരം ലഭ്യമാവുകയും 2025-26 അധ്യയന വർഷം വിദ്യാർത്ഥി പ്രവേശനം സാധ്യമാക്കാനും കഴിഞ്ഞു. നിലവിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ആകെ 13 മെഡിക്കൽ കോളേജുകളും പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്. പുതിയതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ ആവശ്യമായ അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വിദ്യാർത്ഥികൾക്കാവശ്യമായ താമസസൗകര്യം, വാഹന സൗകര്യം എന്നിവ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2022-23 അധ്യായന വർഷത്തിൽ കൊല്ലം, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജുകൾക്ക് അനുബന്ധിച്ച 60 വീതം സീറ്റോടുകൂടി സർക്കാർ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുവാൻ സാധിച്ചു. കൂടാതെ വയനാട്, ഇടുക്കി, പത്തനംതിട്ട കാസർഗോഡ്, പാലക്കാട് എന്നിവിടങ്ങളിൽ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് 60 സീറ്റും ബി എസ് സി നഴ്സിംഗ് സീറ്റുകളോടുകൂടി അഞ്ച് പുതിയ നഴ്സിംഗ് കോളേജുകളും 100 ബി എസ് സി നഴ്സിംഗ് സീറ്റോടുകൂടി തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിന്റെ അധിക ബാച്ചും ആരംഭിക്കാൻ സാധിച്ചു. ഇതിനു പുറമേ 2025-26 അധ്യയന വർഷം മുതൽ പാലക്കാട് സർക്കാർ നഴ്സിംഗ് കോളേജിന്റെ സീറ്റുകളുടെ എണ്ണം 60 ൽ നിന്നും 100 ആയി (പട്ടിക-ജാതി വിഭാഗത്തിലെ കുട്ടികൾക്ക് മാത്രം) വർദ്ധിപ്പിക്കാനും സാധിച്ചു.

കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടിയും വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നു. ഇതിനുപുറമേ ഗവ. നഴ്സിംഗ് കോളേജുകളിൽ അധ്യാപക - അനധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ കോന്നി, കാസറഗോഡ് എന്നീ ജില്ലകളിൽ പുതിയതായി മെഡിക്കൽ കോളേജ് നിർമ്മാണം ആരംഭിക്കുകയുണ്ടായി. ഇടുക്കി ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജ് ആക്കി ഉയർത്തി ഇടുക്കി മെഡിക്കൽ കോളേജ് ഇടുക്കി ജില്ലയിൽ സ്ഥാപിച്ചു. മഞ്ചേരി ജനറൽ ആശുപത്രി മെഡിക്കൽ കോളേജ് ആക്കി ഉയർത്തി മലപ്പുറം ജില്ലയിൽ മഞ്ചേരി മെഡിക്കൽ കോളേജ് സ്ഥാപിച്ചു. മാനന്തവാടി ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് ആക്കി മാറ്റി വയനാട് ജില്ലയിൽ വയനാട് മെഡിക്കൽ കോളേജ് സ്ഥാപിച്ചു.